വാല്യം 2 ഒക്ടോബർ 2008 ലക്കം 6

# ഗുരുരാഗം

## വേദാന്ത മാസിക

സ്കൂൾ ഓഫ് വേദാന്തയുടെ മുഖപത്രം

**രക്ഷാധികാരികൾ**

ഡോ.പ്രഭാകരൻ എണ്ണക്കാത്തറ
കെ.കെ സദാശിവൻ
ഡോ. സത്യദേവ്
ശിവരാജൻ നങ്ങേലിൽ
ജയേഷ് സി. കെ
വിനോദ് കുമാർ പി.ടി
പ്രകാശൻ തൈക്കൂട്ടത്തിൽ
ശാന്തിമതി ഭാസ്കരൻ
നിരഞ്ജന ചേതന

**എഡിറ്റർ**

നിത്യ ചേതന

**എഡിറ്റർ-ഇൻ-ചാർജ്ജ്**

പ്രവീൺ വി.പി

**പ്രൂഫ് റീഡിംഗ്**

സദാശിവൻ അയ്യങ്കുളം
ശബരി ചേതന

**ഗ്രാഫിക്സ്**

ബിപിൻ എൻ. പി,
രമണൻ ഒ.ടി

**സർക്കുലേഷൻ മാനേജർ**

പ്രദീപ് കുമാർ കെ. ടി

**പബ്ലിക് റിലേഷൻസ്**

സ്വരൂപ് വിശ്വം, ലക്ഷ്മി

**ലീഗൽ അഡ്വൈസർ**

അഡ്വ. എൻ. എൻ സുഗുണപാലൻ

**ഉള്ളടക്കം**

എഡിറ്റോറിയൽ - 2
നിത്യ ചേതന

കോപം പാപമോ? - 5
സ്വാമി സുധി

കവിത - ഗുരു - 9
അബ്രഹാം ഇ.ജെ

യുദ്ധസങ്കല്പം ഗീതയിൽ - 10
സ്വാമി നിർമ്മലാനന്ദഗിരി -

ചുവാങ്ത്സുവും പൂമ്പാറ്റയും - 14
സ്വാമി സുധി

സമാധിസ്ഥം ഗുരും ഭജേ - 18
കെ.എൻ ബാലാജി

ജനനീ നവരത്നമഞ്ജരി - 24
സ്വാമി സുധി

ഗോവർധനഗിരിധരവന്ദനം - 30
അഷിത

അഹങ്കാരത്തിന്റെ അന്ത്യം - 31
സ്വാമി സുധി

ശീർഷാസനം - 36
സ്വാമി ആത്മജ്ഞാനാനന്ദ ഗിരി

നെരൂദയുടെ നാട്ടിൽനിന്നും - 38
പ്രവീൺ വി.പി

ഋതുഭേദങ്ങളുടെ പകർന്നാട്ടം - 43
കെ. ജിഗീഷ്

വേദാന്തവൃത്താന്തം - 47

എഡിറ്റോറിയൽ



# ജീവിതത്തിനൊരു മാർഗദർശനം

മനുഷ്യന് ഒരു മാർഗദർശനം ആവശ്യമാണ്. പ്രകൃതിയിലെ മറ്റു ജീവികൾക്കൊന്നും ഈ മാർഗദർശനം ആവശ്യമല്ലതാനും. മനുഷ്യൻ എന്ന വാക്കിന്റെ അർത്ഥംതന്നെ 'മനസ്സുള്ളവൻ' എന്നാണ്. പ്രകൃതിയിലെ മറ്റു ജീവജാലങ്ങൾക്കെല്ലാം അവയുടെ മനസ്സ് പ്രകൃതിമനസ്സുമായി ലയം പ്രാപിച്ചിരിക്കുകയാണ്. അവയുടെ കർമ്മങ്ങളെല്ലാം അബോധപൂർവ്വമായ പ്രേരണയാലെന്നവണ്ണം ചെയ്യപ്പെടുന്നു. അതുകൊണ്ട് തെറ്റാത്ത ഒരു യാന്ത്രികതയുടെ നിയമം അവർക്കു വഴികാണിക്കുന്നു. ഒരാനയോ സിംഹമോ മണ്ഡൂകമോ എന്തു കഴിക്കണം എന്ന കാര്യത്തിൽ ആശങ്കാകുലരാകാറില്ല. എവിടെ കിടക്കണമെന്ന കാര്യത്തിലും അവർക്ക് ഭയവിഹ്വല്ലതകളില്ല. നാളെയെക്കുറിച്ച് അവർ ഉത്ക്കണ്ഠപ്പെടാറുമില്ല.

മനുഷ്യൻ ഇങ്ങനെയൊന്നുമല്ല. അവൻ പ്രകൃതിയുടെ യാന്ത്രികതയെ കുറെയൊക്കെ വിട്ടുവെങ്കിലും പൂർണ്ണമായി വിട്ടെന്ന് പറയാനുമാവില്ല. അതുകൊണ്ട് അവൻ കുറെ അബോധത്തിലും കുറെ സുബോധത്തിലും ആടിയുലയുന്ന ഒരു ജീവസത്തയാണ്. അബോധവാനായിരിക്കുന്നിടത്തോളംകാലം യാന്ത്രികത ഒരനുഗ്രഹമാണ്. അർദ്ധബോധവാനായിരിക്കുമ്പോൾ യാന്ത്രികതയിലേക്ക് തിരിച്ചുപോക്കും സാധ്യമല്ല. അപ്പോൾ പിൻഗമനത്തേക്കാൾ മുൻഗമനമാണ് കുറച്ചുകൂടി സുഗമമായിരിക്കുന്നത്. അതുകൊണ്ട് അല്പബോധത്തിൽനിന്നും പൂർണ്ണബോധത്തിലേക്ക്

പരിണമിക്കേണ്ടുന്ന ഒരു വിചാരസരണി അവന് തുറന്നുകിട്ടണം. ഇവിടെയാണ് ഒരു ഗുരുവിന്റെ പ്രസക്തി ഉണ്ടായിരിക്കുന്നത്. പരിണതപ്രജ്ഞനും ഉൾക്കാഴ്ചയുമുള്ള ഒരു വ്യക്തിക്കുമാത്രമേ മാർഗദർശനം നൽകാൻ കഴിയുകയുള്ളൂ. കാരണം മനുഷ്യജന്മത്തിന്റെ ലക്ഷ്യം സാമ്പത്തികനേട്ടങ്ങളോ സമൂഹത്തിൽ ലബ്ധപ്രതിഷ്ഠിതനാവുകയോ ഒന്നുമല്ല; മറിച്ച്, സ്വസത്തയെ അറിഞ്ഞ് അതിൽ അമർന്ന് അതിൽനിന്നും വ്യതിചലിക്കാതെ വർത്തിക്കുകയാണ്. ഗൊയ്ഥേ എന്ന ജർമ്മൻ ദാർശനികൻ മരണവക്ത്രത്തിൽ കിടന്ന് കേണുകരഞ്ഞത്, 'വെളിച്ചം...വെളിച്ചം... കൂടുതൽ വെളിച്ചം' എന്നു പറഞ്ഞുകൊണ്ടാണ്. അന്ധകാരത്തിൽ വളരുന്ന ചെടികൾപോലും വെളിച്ചമുള്ളിടത്തേക്ക് തല നീട്ടാറുണ്ട്. നമ്മുടെ ഹൃദയത്തിൽ വിളങ്ങുന്ന വെളിച്ചത്തിലേക്ക് വിരൽചൂണ്ടിക്കാണിച്ചുതന്ന് മഹാഗുരുക്കന്മാർ സ്വയം നടന്നുനീങ്ങുന്നു. നാം കണ്ണുള്ളവരെങ്കിലും അന്ധരായാണ് ജനിക്കുന്നത്. ജ്ഞാനമാകുന്ന അഞ്ജനശലാകകൊണ്ട് ഗുരുക്കന്മാർ ജിജ്ഞാസുക്കളുടെ കണ്ണെഴുതി തുറപ്പിച്ചുതരുന്നു.

'ഗുരുരാഗം ' മാസിക, ചരിത്രാതീതകാലം മുതൽ ഇന്നുവരെ ഇവിടെ ആവിർഭൂതരായിട്ടുള്ള മഹാമനീഷികളുടെ വചോവിലാസങ്ങളുടെ മാധുര്യത്തിലേക്ക് മനുഷ്യനെ അടുപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരു സമാരംഭമാണ്. നമ്മുടെ കാലഘട്ടത്തിൽ നമുക്ക് പരിചിതരായ മൂന്ന് പുണ്യപുരുഷന്മാരുടെ ദർശനങ്ങൾ ഇവിടെ ഞങ്ങൾ മാതൃകയാക്കി വയ്ക്കുന്നു. അവർ ശ്രീനാരായണഗുരുവും നടരാജഗുരുവും ഗുരു നിത്യചൈതന്യയതിയുമാണ്. ഇവരുടെ ജീവിതം നമുക്ക് പറഞ്ഞുതരുന്നത്, സങ്കുചിതമായി മനുഷ്യൻ തീർത്തുവച്ചിട്ടുള്ള ഏതു സ്ഥാപിതതാത്പര്യവും അവനുതന്നെ വിനയും വിഘാതവുമായിത്തീരുമെന്നാണ്. ഇതിനെല്ലാമപ്പുറത്തേക്ക് മനുഷ്യന് വളരാൻ കഴിയണം.

നമ്മുടെ സമൂഹത്തിൽ ഇപ്പോൾ കണ്ടുവരുന്ന മതം, രാഷ്ട്രീയം, ജാതീയത, സാമ്പത്തികവിവേചനം ഇവയ്ക്കെല്ലാം അപ്പുറത്ത് ഒരു മാനവികമൂല്യം ഉണ്ടെന്ന് ഈ ഗുരുപ്രവരന്മാർ നമുക്ക് പഠിപ്പിച്ചുതന്നു. ഇപ്പോൾ ആ ജീവിതമാതൃകയും ദർശനവും നമുക്ക് സുസാദ്ധ്യമാക്കിത്തരുന്ന ഒരു വ്യക്തിസാന്നിദ്ധ്യം അനിവാര്യമായി വന്നിരിക്കുന്നു. one-world school of vedanta സ്വാമി സുധി ചൈതന്യ സ്ഥാപിച്ചത് ആ ഒരു ആവശ്യകതയെ പൂരിപ്പി

ക്കുന്നതിനുവേണ്ടിയാണ്. സ്വാമിജിയുടെ ഈ സംരഭത്തിൽ പങ്കാളികളായി ഒരുമിച്ചു പ്രവർത്തിക്കുവാൻ നിങ്ങൾക്കും ഇതൊരവസരമാണ്. മനുഷ്യന്റെ ശാരീരികം, മാനസികം, ആദ്ധ്യാത്മികം ഈ മൂന്നുതരത്തിലുള്ള ആരോഗ്യത്തേയും വികസിപ്പിച്ചെടുക്കുവാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. സുഖകരവും മൂല്യപരവുമായ ജീവിതം ഈ ഭൂമുഖത്ത് ഉറപ്പുവരുത്തണമെങ്കിൽ ഉൾക്കാഴ്ചയോടെ ജീവിക്കുന്ന ഒരു ആന്തരികതയെ ആദ്യം വാർത്തെടുക്കണം. ഗാർഹികജീവിതത്തിന്റെ തിരക്കിലും ഒരു ധ്യാനനിഷ്ഠത നിങ്ങൾക്കു വികസിപ്പിച്ചെടുക്കാൻ കഴിയും. അതിനായി ആദ്യം ആദ്ധ്യാത്മികതയെ ഭയപ്പെടാതിരിക്കുക. അതിനെ അടുത്തറിയുക.

വേദാന്തത്തെ അന്വേഷണത്തിന്റെ അന്ത്യമായാണ് ഞങ്ങൾ കാണുന്നത്. അതിനെ പ്രസ്ഥാനത്രയത്തിന്റെ നാലതിരുകൾക്കുള്ളിൽ മാത്രം തളച്ചിടുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. 'ഞാനും എന്റെ പിതാവും രണ്ടല്ല' എന്നു യേശു പറയുമ്പോൾ അവിടെ വേദാന്തത്തിന്റെ ആനുഭൂതിക സ്ഫുലിംഗം സംഭവിയ്ക്കുന്നുണ്ട്. ഉപനിഷത്തുകളിലും ഗീതയിലും ബ്രഹ്മസൂത്രത്തിലും വേദാന്തം കൂടുതൽ അഭിവ്യക്തതയോടെ പ്രകാശിക്കുന്നു. സമന്വയത്തിന്റെ പാതയാണ് കൂടുതൽ ഉത്തമം.

മാത്രമല്ല ഇപ്പോൾ നാരായണഗുരുവിലൂടെ നമുക്ക് ലഭ്യമായിട്ടുള്ള ആത്മവിദ്യക്ക് ഉപനിഷത്തുകളിലും ഗീതയിലും ഖുർആനിലും ബൈബിളിലും താവോ തേ ചിങിലും ഒക്കെയുള്ള സാമ്യതയെ പരിശോധിച്ചറിയാൻ കഴിയുമ്പോൾ മതദ്വേഷങ്ങളെല്ലാം പൊയ്പോകും. ഗുരുരാഗം മാസിക അതിലേക്കുള്ള ഒരു ചുവടുവെയ്പ്പാണ്. നിങ്ങളുടെ സ്നേഹപൂർണമായ സമീപനം ഞങ്ങൾ ആഗ്രഹിക്കുന്നു. നിങ്ങളുടെ ഏറ്റവും അടുത്ത രണ്ടു പേരെയെങ്കിലും മാസികയുടെ വരിക്കാരായി ചേർത്ത് സഹായിക്കുക.

ഗുരുകൃപയിൽ

നിത്യചേതന



സ്വാമി സുധി

# കോപം പാപമോ ?



കോപിക്കാത്തവരായി ആരെങ്കിലും ഉണ്ടായിരിക്കുമോ ? അങ്ങനെ ഒരാൾ ഉണ്ടാകുവാൻ ഇടയില്ല. എന്നാൽ ഒരു ജ്ഞാനബുദ്ധനിൽ കോപം അനുകമ്പയായി ശോഭിക്കാറുണ്ട്. എന്തെന്നാൽ അദ്ദേഹം കോപത്തെ നിമിത്തമാക്കി ശിഷ്യരെ പ്രബുദ്ധരാക്കുന്നു. ഒരു ശിഷ്യൻ സെൻഗുരുവിനോടു ചോദിച്ചു: ഞാൻ ആരാണ്? എന്താണ് എന്റെ യഥാർത്ഥ സത്ത? ഗുരു ഉടനെതന്നെ ആയാളുടെ കൈകൾ പിടിച്ചെടുത്ത് വാതിൽപ്പാളികൾക്കിടയിൽ വച്ച് ഞെരിച്ചു. ശിഷ്യൻ ഒരു നിലവിളിയോടെ പൂർണ പ്രജ്ഞനായി. അയാൾ ഗുരുവിനെ വണങ്ങി ധ്യാന നിരതനായി.

കോപം ഒരു വികാരമാണ് (emotion). കോപം എന്ന വികാരത്തിന് രണ്ട് തലങ്ങളിൽ രൂപം പ്രാപിക്കുവാൻ കഴിയും. ശാരീരികതലത്തിലും മാനസികതലത്തിലും. ഇതിൽ മാനസികതലത്തിലുള്ള കോപം ഉണ്ടാകുന്നത് ആർജ്ജിതസംസ്ക്കാരത്തിൽനിന്നാണ്. അങ്ങനെയുള്ള കോപത്തെ ഒഴിവാക്കിയെടുക്കാൻ എളുപ്പമാണ്. ശാരീരികതലത്തിലെ കോപം അനാർജ്ജിതമായ പ്രേരണകളുമായി ബന്ധപ്പെട്ടുകിടക്കുന്നു. അവ ജൈവികവാസനയായി വ്യക്തിയിൽ ജന്മനാതന്നെ ശയിക്കുന്നതാണ്. ഒരുദാഹരണം പറഞ്ഞാൽ ഒരുവന്റെ മൂക്ക് വേറൊരുവൻ പൊത്തിപ്പിടിച്ചാൽ അയാൾക്ക്

ശ്വാസം കിട്ടാതെ വരുമ്പോൾ അപരനെ കഥകഴിച്ചും മൂക്കിൽനിന്നുള്ള പിടിയെ വിടുവിച്ചെടുക്കും. ശാരീരികമായി രൂപം കൊള്ളുന്ന കോപം ശരീരത്തിന്റെ ജീവൻരക്ഷാകാമനകളെ തടസ്സപ്പെടുത്തുമ്പോഴാണ് ഉണ്ടാകുന്നത്. കോപം ശരീരത്തിൽ രൂപം കൊള്ളുന്നത് ശരീരത്തിന്റെ അടിസ്ഥാനപര



കോപത്തിന്റെ നൈർമ്മല്യം

മായ തൃഷ്ണകളെ നിഷേധിക്കുമ്പോഴാണ്. വിശപ്പ്, ദാഹം, ഉറക്കം എന്നിവ. മാനസികതലത്തിലുള്ള കോപം രൂപപ്പെടുന്നത് മാനസികമായ ആഗ്രഹങ്ങളെ വിഘ്നപ്പെടുത്തുമ്പോഴാണ്.

രണ്ട് തലത്തിലും ആഗ്രഹങ്ങളെ തടസ്സപ്പെടുത്തുമ്പോഴാണ് കോപം ആവിർഭവിക്കുന്നത്.

ഭഗവദ്ഗീതയിൽ കോപത്തിന്റെ ഉത്ഭവം കാമത്തിൽനിന്നുതന്നെ എന്ന് സംശയലേശമന്യേ ഭഗവാൻ പറയുന്നു. കാമാത് ക്രോധോഭിജായതേ - കാമത്തിൽനിന്നും ക്രോധം ഉണ്ടാകുന്നു. ക്രോധം മനസ്സിൽ രൂപംകൊണ്ടാൽ അതിനു പുറത്തുവരാനുള്ള വ്യഗ്രതയാവും. അതുകൊണ്ട് കോപിച്ചവന്റെ പെരുമാറ്റം അക്രമോത്സുകമാകുന്നു. കോപത്തിന്റെ പുറംതള്ളലിനെ നിയന്ത്രിക്കുവാൻ ക്രുദ്ധനു കഴിയുന്നില്ല. കോപിക്കുമ്പോൾ ഏതോ ഒരു യാന്ത്രികശക്തിയുടെ ആവേശംപോലെ സ്വേച്ഛ അയാളിൽ പ്രവർത്തിക്കാതെ വരുന്നു. അവന്റെ അവബോധത്തിന്റെ മുകളിൽ ഒരു മൂടൽമഞ്ഞുവന്ന് കാഴ്ചയെ മറയ്ക്കുന്ന അനുഭവം.

ശരീരശാസ്ത്രപ്രകാരം കാമത്തെ തടയുന്ന നിമിഷം അഡ്രീനലിൻ ഗ്രന്ഥിയിൽനിന്നും ഒരു സ്രാവം രക്തത്തിൽ കലരുകയും അത് കരളിലേക്കും ഹൃദയത്തിലേക്കും ഇരച്ചുചെല്ലുകയും കൈകാലുകളിലേക്കും വാക്കിലേക്കും നോക്കിലേക്കും അഗ്നി തുപ്പുകയും ചെയ്യുന്നു. ഒരു നൊടിയിൽ കോപിക്കുന്നവൻ എന്തു ചെയ്യുന്നു എന്ന് പറയാൻ കഴിയില്ല. സർവ്വത്തിനേയും നശിപ്പിക്കാനുള്ള ഉദ്വേഗം അവനെ കീഴടക്കിയിരിക്കും.

സ്ഥലം, കാലം, മൂല്യബോധം, പ്രായോഗികത ഇവയൊന്നും അയാളുടെ ബോധത്തിലേക്കു വരികയില്ല. അമ്മയേയും അച്ഛനേയും തല്ലാം. സ്വന്തം കുഞ്ഞിനെ എടുത്ത് കിണറ്റിലെറിയാം. അസഭ്യമായ വാക്കുകൾ പറയാം. കോപത്തിനു കാരണമായി വന്ന പ്രതിയോഗി ശക്തനാണെങ്കിൽ സ്വയം മർദ്ദിക്കാം. ചിലപ്പോൾ ആത്മഹത്യ ചെയ്തെന്നും വരാം. ഇനി കോപത്തെ നിയന്ത്രിച്ചാലോ ? അത് അബോധത്തിലേക്ക് വിഷാദത്തിന്റെ കൂരിരുട്ടിനെ പറഞ്ഞയക്കും. പലതവണ ബാഹ്യസമ്മർദ്ദം മൂലം കോപം അടക്കിയവൻ തികഞ്ഞ ഒരു വിഷാദരോഗിയായിത്തീരാനും ഇടയുണ്ട്.

കോപം സജീവമായ ഒരു വികാരമാണ്. കഥകളിലും കവിതകളിലും സിനിമകളിലും കോപം അവതരിപ്പിക്കപ്പെടുമ്പോൾ അതിനൊരു വശ്യതയുണ്ട്. നവരസങ്ങളിലൊന്നാണ് രൗദ്രം. അതുകൊണ്ട് ക്രോധത്തിന് ആംഗ്യാഭിനയത്തിലും സ്ഥാനമുണ്ട്. ക്രോധത്തെ ജീവിതത്തിൽനിന്നും എടുത്തുമാറ്റിയാൽ ആ മനുഷ്യൻ ഉണങ്ങിവരണ്ട ഒരു ഇലപോലെയാവും. ഒരു സാധാരണ മനുഷ്യന്റെ കാര്യമാണ് പറയുന്നത്.

പിന്നെ എന്താണ് കോപത്തിന്റെ ദോഷം ? അതിനെ എല്ലാ മതത്തിലും പാപമായിട്ടാണ് കരുതുന്നത്. മുഹമ്മദുനബിയോട് ഒരാൾ, "എന്താണ് മതം ? " എന്നു ചോദിച്ചപ്പോൾ നബി തിരുമേനി പറഞ്ഞു : "നീ കോപിക്കാതിരിക്കുവിൻ. അതാണ് മതം." പക്ഷേ കോപം ഉള്ളിൽ ഉടലെടുക്കുകയും പുറത്ത് കാണിക്കാതിരിക്കുകയും ചെയ്യുന്നത് വ്യക്തിയെ രോഗാതുരമാക്കുകയേയുള്ളൂ. കോപം വരുമ്പോൾ നമുക്കറിയാൻ കഴിയണം. കോപത്തെ മറികടക്കുവാൻ ഏറ്റവും നല്ല വഴി കോപത്തെ അറിയുക എന്നുള്ളതാണ്. ചിലർ കോപം വരുന്നതിനുമുമ്പേ അറിയുന്നു. ചിലർ കോപിക്കുമ്പോൾ അറിയുന്നു. ചിലർ കോപിച്ചു കഴിഞ്ഞതിനുശേഷം അറിയുന്നു. ഇനിയൊരു കൂട്ടർ കോപിച്ചുകഴിഞ്ഞാലും താൻ കോപിച്ചു എന്ന കാര്യംപോലും അറിയാറില്ല. ഇങ്ങനെ നാലുതരത്തിൽ പ്രജ്ഞാവികാസം സംഭവിച്ച ആളുകളെ നമുക്ക് കാണാൻ കഴിയും. ഇതിൽ ആദ്യം പറഞ്ഞ, കോപം വരുന്നതിനു മുമ്പേ ഉള്ളിൽ അറിയുന്നവരിൽ അപ്പോൾതന്നെ ആ ഊർജ്ജം നിർവീര്യമായിപ്പോകും. ധ്യാനത്തിലൂടെ ഈ പ്രജ്ഞാവികാസത്തിലേക്ക് എത്തിച്ചേരാനാകും.

ഒരിക്കൽ ഒരു ശിഷ്യൻ സെൻ ഗുരുവായ ബാങ്കിയെ കാണാൻ വന്നു.

"ഗുരോ, എനിക്ക് കോപം അടക്കാൻ കഴിയാറില്ല. എങ്ങനെ എനിക്കത് മാറ്റിയെടുക്കാനാകും."

"നിന്റെ കോപമൊന്ന് കാണട്ടെ ?"

"ഇപ്പോൾ എനിക്കത് കാണിക്കാനാവില്ല."

"അതു ശരി. അപ്പോൾ കോപം വരുമ്പോൾ നീ എന്റെ അരികിൽ വരിക".

അപ്പോൾ ശിഷ്യൻ പറഞ്ഞു : "കോപം വന്നാൽ അങ്ങയുടെ അടുത്ത് എത്തുമ്പോഴേക്കും അത്

ഇല്ലാതായിത്തീരും."
ഗുരു പറഞ്ഞു : "എങ്കിൽ ആ കോപം നിന്റേതായിരിക്കില്ല. അങ്ങനെയായിരുന്നെങ്കിൽ നീ വിചാരിക്കുമ്പോൾ നിനക്ക് കോപിക്കാമായിരുന്നു."

പൂർണബോധത്തോടുകൂടി ഇരിക്കുന്ന ഒരാൾക്ക് കോപിക്കാനാവില്ല. കോപം അയാളുടെ സ്വാഭാവികതയല്ല. പുറത്തുനിന്നും അടിച്ചേൽപ്പിക്കപ്പെട്ടതാണ്. അതുകൊണ്ട് കോപത്തെ അറിയുക. അതാണ് ഏറ്റവും ഉദാത്തമായ തിരിച്ചറിവ്. എത്ര വലിയ അരിശം വന്നാലും കലിതുള്ളാതെ താൻ അരിശം കൊള്ളുന്നു എന്ന കാര്യം ഉള്ളിൽ അറിയുക. സുബോധത്തോടുകൂടിയിരിക്കുന്ന നിങ്ങൾക്ക് അതുകൊണ്ട് കോപിക്കാൻ പറഞ്ഞാൽ കോപിക്കാൻ കഴിയുകയില്ല. സഹജമായി ആനന്ദമുള്ള ഒരാൾക്കും കോപിക്കാൻ കഴിയുകയില്ല. കോപിക്കുന്നതിനുമുമ്പ് ആത്മബോധം മറഞ്ഞുപോകേണ്ടതുണ്ട്. ആത്മബോധം ഉണർന്നിരിക്കലും കോപിക്കലും രണ്ടും ഒരുമിച്ചു നടക്കില്ല.

അതുകൊണ്ട് കോപത്തെ ഇനി നിയന്ത്രിക്കുന്നതിനു പകരം കോപത്തെ മനസ്സിലാക്കുക. കോപം ഉള്ളിൽ ഉടലെടുത്തിട്ടുണ്ടെങ്കിൽ കുറച്ചുനേരത്തേക്ക് അതു ചില ശാരീരികമായ അസ്വാസ്ഥ്യങ്ങളൊക്കെയുണ്ടാക്കും. ഓടിപ്പോയി മുറിയിൽക്കയറി ആ കോപത്തെ കുടഞ്ഞുകളയാം. കൈകാലുകൾ ഊക്കോടെ ചലിപ്പിച്ച് നൃത്തം ചെയ്യാം. തലയണയിൽ കമിഴ്ന്നുകിടന്ന് കരയാം. തലയണയെ മർദ്ദിക്കാം. കുളിമുറിയിൽ കയറി ഷവർ ഓൺചെയ്ത് കുറെനേരം തണുത്തവെള്ളം തലയിലൊഴിക്കാം. ഇവയെല്ലാം മെഡിറ്റേഷനുകളാണ്. കോപത്തെ അറിയുന്നവന് മാത്രമേ ഈ ചികിത്സ സ്വയം ചെയ്യാൻ കഴിയുകയുള്ളൂ.

നമ്മുടെ കോപം വേറൊരാളുടെ സമാധാനം കെടുത്തുന്നുവെങ്കിൽ അത് ഹിംസയാണ്. കോപം ഹിംസയായി മാറുമ്പോൾ അതിന് സാമൂഹികപ്രസക്തി ഉണ്ടാകുന്നു. അവിടെ നിയമത്തിന് പ്രാബല്യത കൈവരുന്നു. ഒരുവന്റെ സമാധാനം നശിപ്പിക്കുന്നത് നിയമലംഘനമാണ്. ലോകത്തിലെ എല്ലാ നിയമസംഹിതകളിലും കോപം പരദ്രോഹമായിത്തീരുമ്പോൾ ശിക്ഷാർഹമായിത്തീരുന്നു.

വികാരങ്ങളെ അറിയുന്നതിലൂടെ വികാരങ്ങൾ വിമലീകരിക്കപ്പെടുന്നു. ഒരു മനുഷ്യൻ അവനിലെ മൃഗീയതകൾക്കപ്പുറത്തേക്ക് ഉയരുന്നത് ഈ ധ്യാനാവബോധത്തിലൂടെയാണ്. മനുഷ്യന്റെ സഹജസ്വരൂപം ദൈവികമാണ്. ക്രോധത്തിന് അവിടെ സാംഗത്യമില്ല. അതുകൊണ്ട് നമുക്ക് സൗമ്യമായി ക്രോധത്തെ ഉള്ളറിഞ്ഞ് മന്ത്രിക്കാം. ശാന്തോ$f$ഹം.... സൗമ്യോ$f$ഹം .....ശാന്തോ$f$ഹം.... സൗമ്യോ$f$ഹം.....

കവിത

അബ്രഹാം ഇ.ജെ



# ഗുരു

വിണ്ണിന്റെ സത്യപ്രകാശമാണെൻ ഗുരു
മണ്ണിന്റെ സംഗീതനിർഝരിയെൻ ഗുരു
സൗരയൂഥത്തിന്റെ താളമാണെൻ ഗുരു
സർവ്വഭൂതത്തിലും സാക്ഷിയാണെൻ ഗുരു
കാലത്തിനെല്ലാം അതീതനാണെൻ ഗുരു
കാലത്തിലെല്ലാമിരിപ്പവനെൻ ഗുരു
സൗമ്യരൂപൻ സനാതനനെൻ ഗുരു
ചാരത്തണവോർക്ക് സായുജ്യമെൻ ഗുരു
കരുണാമയൻ പ്രേമമൂർത്തിയാണെൻ ഗുരു
ഹൃത്തിന്റെ മുഗ്ദ്ധതാരൂപമാണെൻ ഗുരു
നന്മതൻ നിത്യനികേതനമെൻ ഗുരു
വിജ്ഞാനകേതാരരൂപമാണെൻ ഗുരു
അർപ്പിക്കുന്നവർക്കെല്ലാം അത്താണിയെൻ ഗുരു
സംസാരസാഗരനൗകയാണെൻ ഗുരു
ചിന്മയരൂപൻ ചിരഞ്ജീവിയെൻ ഗുരു
നിത്യമായ് വാഴണേ ചിത്തത്തിലെപ്പൊഴും.

സ്വാമി നിർമ്മലാനന്ദഗിരി



# ഗീതയിലെ യുദ്ധസങ്കല്പം



ഭഗവദ്ഗീതക്ക് രണ്ട് പ്രകൃഷ്ട വ്യാഖ്യാനങ്ങളുണ്ട്. പത്മനാഭന്റെ മുഖകമലത്തിൽനിന്ന് നേരിട്ടുവരുന്ന വാണി എന്നർത്ഥത്തിൽ വ്യാസൻ ഭഗവദ്ഗീതയെ ഉപനിഷത്തെന്നു കരുതിയിട്ടുണ്ട്. അങ്ങനെ ഒരർത്ഥത്തിൽ രൂപാന്തരപ്പെടുത്തിയിട്ടുള്ള ശ്രൗതമായ വ്യാഖ്യാനമാണ് ഒന്ന്. സംപ്രസാദവിദ്യയിൽ, സാമ്പ്രദായികന്മാർ അനുവർത്തിച്ചുപോരുന്ന ഗീതാപഠനങ്ങളിൽ ഗീത ശ്രുതിയാണ്. ശ്രൗതമായ വ്യാഖ്യാനത്തെ ഇന്ന് അംഗീകരിച്ചുപോരുന്നുമുണ്ട്. ഉപനിഷത്തിന്റെ എക്കാലത്തേയും വിഖ്യാതവ്യാഖ്യാതാവും ഭാരതീയ തത്ത്വചിന്തയുടെ സമുജ്ജ്വലനായ ഭാഷ്യകാരനുമായ ശ്രീ ശങ്കരൻ ഗീതയെ സ്മൃതിയുടെ പക്ഷത്തു പെടുത്തിക്കൊണ്ടുള്ള വ്യാഖ്യാനമാണ് രണ്ടാമത്തേത്. ഭഗവദ്ഗീതയിൽ യുദ്ധം അപവാദം മാത്രമാണ് എന്ന പക്ഷത്തുനിന്നുകൊണ്ടാണ് ആചാര്യൻ ഗീതയെ കാണുകയും പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തുപോന്നിട്ടുള്ളത്. ശ്രുതിവ്യാഖ്യാനം സ്മൃതിവ്യാഖ്യാനം.

ഈ രണ്ടു ചിന്തകളിൽനിന്നും വ്യത്യസ്തമായ വ്യാഖ്യാനതലങ്ങളുമായാണ് ഇന്ന് ലോകം ഗീതയിലൂടെ കടന്നുപോകുന്നത്. 'മാഹിംസ്യാ സർവ്വഭൂതാനി' എന്ന ഭാരതത്തിന്റെ പരമോന്നതമായ തത്ത്വചിന്തയെ മാറ്റിവച്ചുകൊണ്ട് അത്യന്തം വേദവിരുദ്ധമായ വ്യാഖ്യാനതലങ്ങളാണ് സ്വാതന്ത്ര്യാനന്തരകാലഘട്ടങ്ങളിൽ ഗീതയ്ക്കുണ്ടായിട്ടുള്ളത്. ഭഗവദ്ഗീതയുടെ തലങ്ങളിലേക്ക് ശ്രദ്ധിച്ചു കണ്ണോടിച്ചാൽ ഗീത ആവിർഭവിക്കുന്ന രംഗത്ത് യുദ്ധം ഒരു വിഷയമാകുന്നില്ലെന്ന് ഏതൊരു ശ്രദ്ധാലുവിനും മനസ്സിലാകും. കാരണം മഹാഭാരതയുദ്ധക്കളത്തിൽ അർജ്ജുനൻ തന്റെ രഥത്തെ യുദ്ധക്കളത്തിന്റെ മധ്യത്തിൽ നിർത്തുവാൻ ആവശ്യപ്പെടുമ്പോൾ അവിടെ അർജ്ജുനൻ കാണുന്നത് പിതാക്കന്മാരെയും പിതാമഹന്മാരെയും ആചാര്യന്മാരെയും പൗത്രന്മാരെയുമാണ്.

"തത്രാപശ്യത് സ്ഥിതാൻ പാർത്ഥഃ
പിതൄനഥ പിതാമഹാൻ
ആചാര്യാൻ മാതുലാൻ ഭ്രാതൄൻ
പുത്രാൻ പൗത്രാൻ സഖീംസ്തഥാ."

ഇതിലെ മൂന്നു പദങ്ങളും - പിതൃൻ (പിതാക്കന്മാർ), പിതാമഹാൻ (പിതാമഹന്മാർ), പൗത്രാൻ (പൗത്രന്മാർ) - പ്രത്യേകം ശ്രദ്ധയർഹിക്കുന്നതാണ്. അർജ്ജുനന്റെ പിതാവോ പിതൃസ്ഥാനീയരായി ആരെങ്കിലുമോ ആ യുദ്ധക്കളത്തിൽ ഇല്ല. അർജ്ജുനന്റെ പിതാമഹന്മാർ എന്ന് ബഹുവചനത്തിൽ പറയാൻ ഭീഷ്മരല്ലാതെ ആരുമില്ല. ഇനി അർജ്ജുനന്റെ പൗത്രന്മാരെന്നു വിളിക്കാൻ പറ്റിയവർ-പാണ്ഡവരുടേയോ കൗരവരുടെ പോലുമോ പുത്രന്റെ പുത്രന്മാർ ആരും തന്നെ ആ യുദ്ധക്കളത്തിൽ ഇല്ല. എന്നാൽ അർജ്ജുനൻ ഉൾപ്പെടെ ആ യുദ്ധക്കളത്തിൽ മുഴുവൻപേരും നിൽക്കുന്നത് ഈ പാരസ്പര്യങ്ങളെ വെടിഞ്ഞിട്ടാണ്. ഇത് അർജ്ജുനനെ കുറച്ചൊന്നുമായിരിക്കില്ല ചിന്താകുഴപ്പത്തിലെത്തിച്ചിട്ടുണ്ടാവുക. കാരണം മഹാഭാരതയുദ്ധം സ്വേച്ഛാപരതയുടേയും അനിച്ഛാപരതയുടേയും രണ്ട് രംഗങ്ങളിലാണ് ആവിർഭവിക്കുന്നത്.

പാരമ്പര്യങ്ങളെ മറന്ന് സ്വേച്ഛക്ക് പ്രസക്തിയുണ്ടെന്ന് തന്റെ സമൂഹത്തെ പഠിപ്പിച്ചെടുത്ത അതികായനായ ഒരു ബ്രഹ്മചാരി യുദ്ധക്കളത്തിൽ കൗരവസൈന്യത്തിന് നേതൃത്വം നൽകി നിലകൊള്ളുന്നുണ്ട് - ഭീഷ്മർ. സ്വേച്ഛ ( free will ) എന്നൊന്ന് മനുഷ്യന് അസാധ്യമാണെന്ന് ലോകരോട് ഉറക്കെ പറയുവാൻ മറുവശത്ത് ആയുധമില്ലാതെ പാർത്ഥസാരഥിയും നിൽപുണ്ട്. ഈശ്വരൻ അവതരിക്കുമ്പോൾപോലും സ്വേച്ഛക്ക് യാതൊരു പ്രസക്തിയുമില്ലെന്നും തന്റെ ജീവിതംതന്നെ തുറന്നുകാണിച്ചുകൊണ്ട് കൃഷ്ണൻ പറയുന്നു. യുദ്ധത്തിന്റെ ഗതീയത സമുജ്ജ്വലമായി ചിന്തിക്കുമെങ്കിൽ ദാർശനിക സവിശേഷതയുള്ള രണ്ട് ചിന്താധാരകൾ തമ്മിലുള്ള യുദ്ധം അവിടെത്തന്നെ ആരംഭിക്കുന്നുണ്ട്.

സ്വേച്ഛയാണ് മനുഷ്യനെ നയിക്കുന്നത്. അതിൽ ഈശ്വരന്, പ്രകൃതിക്ക്, അബോധത്തിന് പ്രസക്തിയില്ല. ശക്തന്റെ ശക്തിയാണ് ധർമ്മം. അത് ആരോടൊപ്പമുണ്ടോ അവൻ ചെയ്യുന്നതെല്ലാം ധർമ്മമാണ്. സ്വയംവരമണ്ഡപത്തിൽ വരണമാല്യവും കയ്യിലേന്തി സ്തീത്വത്തിന്റെ തളിരണിഞ്ഞ വൈകാരികതയുടെ സമുജ്ജ്വലഭൂമിയിൽ നിൽക്കുമ്പോഴും ബലമുള്ളവന്റെ ബലം ധർമ്മമാണെന്നു പഠിച്ച, പഠിപ്പിച്ച, സ്വന്തം പൗത്രന്മാർ രാജസദസ്സിൽവച്ച് പാഞ്ചാലീവസ്ത്രാക്ഷേപം നടത്തുമ്പോൾ ബലമാണ് ധർമ്മമെന്നു പറഞ്ഞ് ധർമ്മത്തെ വ്യാഖ്യാനിച്ച ബലിഷ്ഠനായ ഒരു ഭീഷ്മനാണ് ദാർശനികമായി ഗീതയുടെ പൂർവ്വപക്ഷത്തു രംഗപ്രവേശനം ചെയ്യുന്നത്.

അതിനെ അർജ്ജുനനും പാണ്ഡവരും കൗരവരും ഒരുപോലെ പ്രതിനിധീകരിക്കുമ്പോൾ ഗീതയിലൂടെ കൃഷ്ണൻ ഭാരതീയ പൗരാണികതയുടെ സമുജ്ജ്വലപ്രതീകമായി ആയുധമില്ലാതെ ആ രംഗത്ത് അതിനു മറുപടിയായി തന്റെ ദാർശനികസത്യത്തെ കുരുക്ഷേത്രമെന്ന യുദ്ധക്കളത്തെപ്പോലും ഗുരുകുലസദൃശമാക്കിക്കൊണ്ട്, ആയുധത്തെ നിശബ്ദമാക്കിക്കൊണ്ട് തന്റെ 536 ശ്ലോകങ്ങളിൽ അർജ്ജുനനെ നിമിത്തമാക്കി ആ യുദ്ധഭൂമിയിലെ മുഴുവൻ പേരേയും അതിനുപരി അനുവാചകവൃന്ദങ്ങളെ മുഴുവനും ദാർശനിക സത്യത്തിന്റെ സമുജ്ജ്വല ഭൂമിയിലേക്കെത്തിക്കുന്നു. ഇതതിന്റെ പശ്ചാത്ഭൂമിയാണ്. ഇതിന് ഒരുക്കമുണ്ടായിരുന്നത് യുദ്ധം എങ്ങനെ ഞാൻ ചെയ്യണമെന്നും എതിരാളികളുടെ സൈന്യം എന്റെ സൈന്യത്തേക്കാൾ കൂടുതലാണെന്നും ഈ യുദ്ധത്തിൽ ഞാൻ ജയിക്കുമോ പരാജയപ്പെടുമോ എന്നുംമറ്റുമുള്ള ചിന്തകളേക്കാളെല്ലാം ഞാനും എന്നെപ്പോലെ നിൽക്കുന്നവരും പിതാക്കന്മാരാണ്, പിതാമഹന്മാരാണ്, ആചാര്യന്മാരാണ്, മാതുലന്മാരാണ് എന്നുള്ള സത്യത്തെ ഉൾക്കൊള്ളുമ്പോൾ- ശ്രീകൃഷ്ണന്റെ സാമീപ്യംകൊണ്ട് അനിച്ഛയിലേക്കുള്ള ഉയരവും, പിതാമഹനിൽനിന്നും ആചാര്യനിൽനിന്നും പഠിച്ചതിലൂടെയുള്ള സ്വേച്ഛാചിന്തകളും തന്റെ അന്തരംഗത്തെ മതിക്കുമ്പോഴാണ് അർജ്ജുനൻ വിലപിക്കുന്നത്:

ന ഹി പ്രപശ്യാമി മമാപനുദ്യാത്<br>യച്ഛോകമുച്ഛോഷണമിന്ദ്രിയാണാം<br>അവാപ്യഭൂമാമസപത്നമൃദ്ധം<br>രാജ്യം സുരാണാമപി ചാധിപത്യം.

തന്റെ മാംസചക്ഷുസുകൊണ്ട് നേരിട്ടുകണ്ട ആ രംഗമാണ് സഞ്ജയൻ വിശദീകരിക്കുന്നത്.

സമദോഷസമാധിശ്ച<br>സമധാതുമലക്രിയഃ<br>പ്രസന്നാത്മേന്ദ്രിയാമനാഃ<br>സ്വസ്ഥമിത്യഭിധീയതേ.

ഇതാണ് സ്വസ്ഥനെപ്പറ്റിയുള്ള പ്രാചീനഭാരതീയനിർവചനം. അർജ്ജുനനാകട്ടെ:

സീദന്തി മമ ഗാത്രാണി<br>മുഖം ച പരിശുഷ്യതി<br>വേപഥുശ്ച ശരീരേ മേ

രോമഹർഷശ്ച ജായതേ.
ഗാണ്ഡീവം സ്രംസതേ ഹസ്താത്
ത്വക് ചൈവ പരിദഹ്യതേ

എന്ന അവസ്ഥയിലാണ്. ഇതിലെ ഗാത്രാണി സീദന്തി എന്നതിന് എന്റെ അവയവങ്ങൾ തളരുന്നു എന്ന അർത്ഥം പോരെന്നാണ് ആചാര്യമതം.

എന്റെ സ്ഥൂലശരീരവും സൂക്ഷ്മശരീരവും കാരണശരീരവും തപിക്കുകയാണ്. എന്റെ സ്ഥൂലശരീരം തപിക്കുന്നത് മനസ്സിലാക്കാം. എന്നാൽ സ്വപ്നഭൂമികയാകെ തപിച്ചുനിലകൊള്ളുന്നു. അതിനപ്പുറം അബോധത്തിന്റെ ഉത്സർജ്ജനപ്രക്രിയകളെ മുഴുവൻ രൂപപ്പെടുത്തുവാൻ ഉറങ്ങിക്കിടക്കുന്ന ആ അബോധം, ആ ബീജം, ആ കാരണശരീരംവരെ തപിച്ചിരിക്കുകയാണ്. ഒരു ഭാഗത്ത് സ്വേച്ഛാപൂർവ്വകമായ തന്റെ ഇച്ഛ, സങ്കല്പം, കാമം, അതിലുളവായ ക്രോധം അതുളവാക്കിയ സർവ്വനാശകരമായ യുദ്ധം. മറുഭാഗത്ത് സമഷ്ടിയെ പുൽകിനിൽക്കുന്ന സ്നേഹോദാരമായ തന്റെ അബോധം സമഷ്ടി അബോധത്തിലേക്കുള്ള. പ്രകൃതിയിലേക്കുള്ള അർജ്ജുനന്റെ വികാസവും സ്വേച്ഛയിലേക്കുള്ള തലവും വന്നപ്പോൾ ഒരു നിമിഷം തന്റെ ഇന്ദ്രിയങ്ങളും മനസ്സുമെല്ലാം ഉദ്പോഷിതങ്ങളാകുന്നതിനുപകരം ഉച്ഛോഷിതങ്ങളായിത്തീർന്നു. ഈ രാജ്യമെന്നല്ല ദേവേന്ദ്രന്റെ രാജധാനിപോലും തനിക്ക് താത്പര്യമില്ലാത്തതായി മാറുന്ന വിരാഗതയിലേക്ക് ഒരു നിമിഷംകൊണ്ട് അർജ്ജുനൻ എത്തി. അതുകൊണ്ടാണ് പറഞ്ഞത്, എന്റെ ഇന്ദ്രിയങ്ങളെ ശോഷിപ്പിക്കുന്ന ഈ ലോകത്തിൽനിന്നു മോചനം നേടാനുള്ള ഒരു വഴി എനിക്കറിയില്ല. അതുകൊണ്ട് ദേവേന്ദ്രപുരം ലഭിച്ചാൽപോലും ഞാൻ ഈ യുദ്ധത്തിന് ഒരുക്കമല്ല. പിന്നല്ലേ ഈ ഒരു തുണ്ടു ഭൂമിക്കുവേണ്ടി.

മഹാഭാരതയുദ്ധമൊന്നും അർജ്ജുനനെ വേദനിപ്പിച്ചു എന്നു പറയാനാവില്ല. ഇതേ ബന്ധുക്കളോടുതന്നെ വിരാടരാജധാനിയിൽനിന്ന് തുച്ഛമായ വിരാടന്റെ ഗോധനരക്ഷക്ക് - വിരാടപുത്രൻ വിലക്കിയിട്ടും കൂട്ടാക്കാതെ - ഇതേ പിതാക്കന്മാരോടും ആചാര്യന്മാരോടും മാതുലന്മാരോടും കർണ്ണനോടും ഇതേ സ്യാലന്മാരോടുമൊക്കെ ഒറ്റക്കേറ്റുമുട്ടിയ അർജ്ജുനൻ ഇന്ന് ഭീരുവായല്ല നിൽക്കുന്നത് എന്ന് ഗുഡാകേശൻ എന്ന ശബ്ദത്തിൽനിന്ന് വ്യാസൻ നമ്മെ നന്നായി ഓർമ്മിപ്പിക്കുന്നുണ്ട്. ആലസ്യവും നിദ്രയും എല്ലാം വെടിഞ്ഞ് യുദ്ധക്കളത്തിൽ നിൽക്കുന്ന അർജ്ജുനൻ ഭീരുവല്ല. ധീരനാണ്. അയാൾ ഒരു പ്രശ്നം ഉന്നയിക്കുന്നുവെങ്കിൽ അത് സാർവലൗകികതയുടെ, സാർവജനീനതയുടെ, സമഷ്ടിയുടെ അന്തക്കരണത്തെ അറിയുന്ന ഒരു ദാർശനികപ്രശ്നത്തെയാണ്. അതിനുത്തരവും സമുജ്ജ്വലവും ദാർശനികവുമായിരിക്കേണ്ടതാണ്. അതുകൊണ്ടു തന്നെ ഭഗവാൻ, അർജ്ജുനനെ തിരിച്ചുനിർത്തുന്നത് അർജ്ജുനന്റെ നേരെ തന്നെയാണ്.

**തയ്യാറാക്കിയത് കെ. രവീന്ദ്രനാഥൻ**

കിഴക്കും പടിഞ്ഞാറും

സ്വാമി സുധി

# ചുവാങ്ത്സുവും പൂമ്പാറ്റയും



ഒരു ജിജ്ഞാസുവിന്റെ കുമറിയെരിയുന്ന അഗ്നിനാമ്പുകൾ ഹൃദയത്തിൽപേറി ഒരിക്കൽ എനിക്ക് ചുറ്റിത്തിരിയേണ്ടിവന്നിട്ടുണ്ട്. അപ്പോഴൊക്കെ എന്റെ അന്തരംഗത്തിലെ തപ്തതന്മാത്രകളെ തണുപ്പിക്കാൻ പൗരാണികരായ ഋഷിവര്യന്മാർ അവരുടെ വചോമാധുര്യവുമായി കടന്നുവരുമായിരുന്നു. ഒരു സ്വപ്നദർശനം പോലെയാണ് അവരുടെ ആഗമനവും സമാശ്വസിപ്പിക്കലുമൊക്കെ എന്നിൽ നടക്കുക. അങ്ങനെ കുറേക്കാലം എന്നെ സമാശ്വസിപ്പിച്ച ഒരു ഋഷിസത്തമനായിരുന്നു ചുവാങ്ത്സു. അദ്ദേഹം ഒരു പൂമ്പാറ്റയുടെ സ്വപ്നത്തെക്കുറിച്ച് സംസാരിച്ചു. സ്വപ്നവും ജാഗരിതവും സുഷുപ്തിയും എല്ലാം ഞാൻ കൂലങ്കഷമായി നിരീക്ഷിച്ചുപോന്നിരുന്ന സമയമായിരുന്നു അപ്പോൾ.

ചുവാങ്ത്സു ഒരിക്കൽ ഉറക്കത്തിൽനിന്നു ചാടിയെണീറ്റ് ശിഷ്യന്മാരെയെല്ലാം ഉത്സാഹത്തോടെ വിളിച്ച് അടുത്തിരുത്തി. “ഞാനിന്നൊരു സ്വപ്നം കണ്ടു” ചുവാങ്ത്സു പറഞ്ഞുതുടങ്ങി. ശിഷ്യന്മാരുടെ മുഖത്ത് അത് കേൾക്കാനുള്ള കൗതുകം ഊറിക്കൂടി. “എന്ത് സ്വപ്നമാണ് ഗുരോ ?” അവർ ചോദിച്ചു: “ഞാൻ സ്വപ്നത്തിൽ ഒരു പൂമ്പാറ്റയായി മാറി. പൂക്കളിൽനിന്ന് തേനുറിഞ്ചിക്കുടിച്ച് ആകാശത്തിൽ നൃത്തംവച്ച് നിരവധി പൂമ്പാറ്റകളുമായി

ഇണചേർന്ന് ആനന്ദിക്കുന്ന ഒരു സ്വപ്നം.” ചുവാങ്ത്സു ഇതു പറഞ്ഞ് ശിഷ്യന്മാരുടെ കണ്ണുകളിലേക്കു സാകൂതം നോക്കി. ഇതൊരു സാധാരണ സ്വപ്നമല്ലേ എന്ന മട്ടിലാണ് അവരുടെ ഇരിപ്പ്. അപ്പോൾ ചുവാങ്ത്സു തുടർന്നു:



“എന്നെ ആശ്ചര്യപ്പെടുത്തിയത് ഈ സ്വപ്നമല്ല. സ്വപ്നത്തിൽ ഞാനൊരു പൂമ്പാറ്റയായി മാറിയത് ഞാൻ കണ്ട സ്വപ്നമാണോ അതോ പൂമ്പാറ്റ കണ്ട സ്വപ്നമാണോ ? സ്വപ്നത്തിൽ ഞാനൊരു പൂമ്പാറ്റയായിരുന്നല്ലോ.” ഇതു കേട്ടപ്പോൾ ശിഷ്യന്മാരുടെ ഉള്ളിലും ആ ഒരു സംശയം ഉണർന്നുവന്നു.

രണ്ടായിരത്തഞ്ഞൂറ് വർഷങ്ങൾക്കുമുമ്പ് ചുവാങ്ത്സു ചോദിച്ച ചോദ്യം ഉത്തരമില്ലാതെ ഇന്നും മനുഷ്യമനസ്സുകളിൽ അലയടിക്കുകയാണ്. സ്വപ്നം കാണുന്ന ഞാനും യഥാർത്ഥത്തിലുള്ള ഞാനും ഒരേ ഞാൻതന്നെയാണോ ? ഇതു പറഞ്ഞുകൊണ്ടാണ് ചുവാങ്ത്സുവിന്റെ ഒരു വചനം തുടങ്ങുന്നത്.

“ഒരുവൻ സ്വപ്നത്തിൽ വീഞ്ഞ് കുടിച്ച് ഉല്ലസിക്കുന്നു. എന്നാൽ പ്രഭാതത്തിൽ എണീക്കുമ്പോൾ അവനെ നിത്യജീവിതത്തിലെ ദുഃഖങ്ങൾ വേട്ടയാടുന്നു. ആനന്ദമെല്ലാം പോയ്പോയിരിക്കുന്നു. സ്വപ്നത്തിൽ അലമുറയിട്ടു കരഞ്ഞിരുന്ന ഒരുവൻ രാവിലെ എണീറ്റ് ഒന്നും അറിയാത്തപോലെ വേലയ്ക്കു പോകുന്നു.”

സ്വപ്നവും ജാഗരിതവും തമ്മിലുള്ള വ്യത്യാസം എന്താണ് ? എവിടെയാണ് ഉണർവിന്റേയും സ്വപ്നത്തിന്റേയും അതിർത്തികൾ ? ഉണർന്നിരിക്കുന്ന ഒരാൾ എപ്പോഴാണ് സ്വപ്നത്തിലേക്ക് വഴുതിവീഴുന്നത് ? ഈ ചോദ്യം ഉപനിഷത്തിലെ ഋഷിമാർക്ക് പരിചിതമാണ്. സ്വപ്നം വ്യക്തിയുടെ അന്തരംഗത്തിൽ മാത്രം നടക്കുന്ന ഒരു പ്രതിഭാസമാണ്. ജാഗ്രദവസ്ഥയിലെ ലോകം പല വ്യക്തികൾക്ക് ഒരേ സമയം സത്യമായിരിക്കുന്നതാണ്. ഈ രണ്ട് തലങ്ങളെ പരമാർശിക്കുവാനായി ശങ്കരാചാര്യർ എല്ലാവരുടേയും കൺമുമ്പിൽ ഒരേപോലെ യഥാർത്ഥമായിരിക്കുന്ന ലോകത്തിന് വ്യാവഹാരികപ്രപഞ്ചം (empirical world) എന്ന പേരു കൊടുത്തു. വ്യക്തിയുടെ സ്വകാര്യ അനുഭവമായ സ്വപ്നത്തിന്റെ ലോകം പ്രാതിഭാസികമാണ് (phenominal).

പല വ്യക്തികളും കണ്ണുതുറന്ന്

ജീവിക്കുന്നുണ്ടെങ്കിലും അവർ ദിവാസ്വപ്നം കണ്ടുനടക്കുന്നവരാണ്. അവരുടെ ഇന്ദ്രിയങ്ങളെ നോക്കുകുത്തികളാക്കി, അവർ അവരുടെ സ്വകാര്യസങ്കല്പങ്ങളിൽ വ്യാപരിച്ചുകൊണ്ടിരിക്കുന്നു. യാഥാർത്ഥ്യങ്ങളും സങ്കല്പങ്ങളും മനുഷ്യന്റെ അനുഭവങ്ങളിൽ മാറിമാറി ചേക്കേറിക്കൊണ്ടിരിക്കുന്നു. ജീവിതം ഒരു പ്രഹേളികയായിത്തീരുന്നത് സ്വപ്നവും യാഥാർത്ഥ്യവും തിരിച്ചറിയാൻ കഴിയാതെ വരുമ്പോഴാണ്.

ചുവാങ്ത്സു വീണ്ടും പറയുന്നു: "ഒരുവൻ സ്വപ്നം കണ്ടുകൊണ്ടിരിക്കുമ്പോൾ അവൻ സ്വപ്നം കാണുകയാണെന്ന് അവൻ അറിയുന്നില്ല. സ്വപ്നം കണ്ടുകൊണ്ടിരിക്കുമ്പോൾതന്നെ ആ സ്വപ്നത്തിനുള്ളിൽ വേറൊരു സ്വപ്നത്തെ അവൻ നെയ്തെടുക്കുന്നു. സ്വപ്നത്തിൽനിന്ന് ഉണർന്ന് പുറത്തുകടക്കുമ്പോഴാണ് എല്ലാം ഒരു സ്വപ്നമായിരുന്നുവെന്ന് അവന് ബോധ്യപ്പെടുന്നത്. അതുപോലെ മഹാജാഗരിതം സംഭവിക്കുമ്പോഴാണ് ജീവിതംതന്നെ ഒരു വലിയ സ്വപ്നമായിരുന്നുവെന്ന് ഒരുവന് ബോധ്യം വരുന്നത് "

ഈ ജീവിതംതന്നെ ഒരു വലിയ സ്വപ്നമാണ്. പ്രപഞ്ചദൃശ്യങ്ങൾ എല്ലാംതന്നെ ആ സ്വപ്നത്തിലെ വസ്തുസഞ്ചയങ്ങളാണ്. ആരാണീ സ്വപ്നം കാണുന്നത് ? വ്യാവഹാരികപ്രപഞ്ചം ഒരു വ്യക്തിയുടെ സ്വപ്നമാകാൻ ഇടയില്ല. അതുകൊണ്ട് എല്ലാ വ്യക്തികളും ചേർന്ന, എല്ലാ വ്യഷ്ടികളും ചേർന്ന സമഷ്ടിസത്തയുടെ ഉടയവനായിരിക്കണം ഈ സ്വപ്നം കാണുന്നത്. സമഷ്ടിപ്രപഞ്ചത്തിന്റെ സ്വപ്നദ്രഷ്ടാവിനെ അതുകൊണ്ട് നാം ഈശ്വരനെന്ന് മനസ്സിലാക്കുന്നു. ഈശ്വരന് പ്രപഞ്ചത്തെ സങ്കല്പത്തിലൂടെ സൃഷ്ടിക്കുവാനും ആ സങ്കല്പത്തിൽ ആനന്ദിച്ചിരിക്കുവാനും സങ്കല്പങ്ങളെതന്നെ സ്വമേധയാ പിൻവലിക്കുവാനും കഴിയും. നമുക്ക് നമ്മുടെ വ്യക്തിഗതമായ സ്വപ്നങ്ങൾ ബോധപൂർവ്വം സൃഷ്ടിക്കുവാനും ബോധപൂർവ്വം പിൻവലിക്കുവാനും കഴിവുണ്ടാക്കിയെടുക്കാവുന്നതാണ്. ഉറക്കംപോലും ബോധപൂർവ്വം ഉറങ്ങാവുന്നതാണ്. അവിശ്വസനീയങ്ങളെന്ന് തോന്നുന്ന ചില കാര്യങ്ങളാണിവ.

നമ്മുടെ ഈ കൊച്ചുകേരളത്തിൽ ചൈനയുടേയോ ഗ്രീസിന്റേയോ ദർശനമൊന്നും വശമില്ലാതിരുന്ന നാരായണഗുരുവിന് ഇക്കാര്യത്തിൽ മറ്റാരേക്കാളും അഭിവ്യക്തതയുണ്ടായിരുന്നു. ഗുരു ജീവിതത്തെ നെടിയ കിനാവ് എന്നാണ് പറയുന്നത്. ആ ശ്ലോകം ഇങ്ങനെയാണ്:

"നെടിയകിനാവിതു നിദ്രപോലെ നിത്യം
കെടുമിതുപോലെ കിനാവുമിപ്രകാരം
കെടുമതി കാണുകയില്ല കേവലത്തിൽ
പെടുവതിനാലനിശം ഭ്രമിച്ചിടുന്നു."

ജീവിതം ഒരു നെടുനീളൻ സ്വപ്നമാണ്. ഉറക്കത്തിൽ കാണുന്ന സ്വപ്നം പോലെതന്നെയുള്ളത്. ഉറക്കത്തിലുള്ള സ്വപ്നം ഉണർന്നെണീക്കുമ്പോൾ കെട്ടുപോകും. അതുപോലെ ജീവിതമാകുന്ന



നെടുനീളൻ കിനാവും ഒരു വലിയ ഉണർവിൽ (great awakening) കെട്ടുപോകും. എന്നാൽ ഇത്തരത്തിൽ മനസ്സിലാക്കാനുള്ള ബുദ്ധി നമുക്കില്ല. അത് കെട്ടുപോയിരിക്കുകയാണ്. അതിനുകാരണം ഈശ്വരന്റെതന്നെ ശക്തിവിശേഷമായ മായയിൽ എല്ലാവരും ഒരുപോലെ കുടുങ്ങിപ്പോയതുകൊണ്ടാണ്. ഈ ഭ്രമം എപ്പോഴും നമ്മുടെ ഭാഗമാണ്.

ചുവാങ്ത്സുവും നാരായണഗുരുവും കാതങ്ങൾക്കകലെയാണെങ്കിലും അവരുടെ ഉള്ളിൽ ഒരേപോലെ പ്രകാശിക്കുന്ന ഈ ജ്ഞാനപ്രഭയെ കൺപാർത്തുകൊണ്ടാണ് നാം പറയുന്നത്, ഗുരു ഒന്നേയുള്ളൂ എന്ന്, ഈശ്വരൻ ഒന്നേയുള്ളൂ എന്ന്. ഒരേയൊരു ചൈതന്യത്തിന്റെ നിരവധിയായ പ്രഭാങ്കുരങ്ങളാണ് ഈ കാണപ്പെടുന്നതെല്ലാം. പക്ഷേ നമ്മളുടെ മൗഢ്യം നമ്മെ എപ്പോഴും നമ്മുടെ സങ്കുചിത സത്തയിലേക്കു പിടിച്ചുവലിക്കുന്നു. ചുവാങ്ത്സു തുടരുന്നു : "ഒരു വിഢി സ്വയം വിചാരിക്കുന്നു, താൻ ജ്ഞാനിയാണെന്ന്. ആ അഹങ്കാരത്തെ ചുറ്റിപ്പറ്റി അവൻ ഗർവ്വം കൊള്ളുന്നു."

ഇവിടത്തെ രാഷ്ട്രീയക്കാരും മന്ത്രിമാരും പുരോഹിതന്മാരും സ്വകല്പിതമായ ജ്ഞാനത്തിന്റെ മൂടുപടം അണിഞ്ഞവരാണ്. അതുകൊണ്ട് നമ്മിലെ സ്വപ്നത്തെ ആദ്യം ഭേദിക്കുക. രണ്ടാമതായി ഈശ്വരന്റെ സ്വപ്നത്തിൽ പ്രണയപരവശനായി അലിഞ്ഞുചേരുക. ഈ ഭക്തിയെക്കുറിച്ചാണ് ചുവാങ്ത്സു പറഞ്ഞുതരുന്നത്. അവിടെ ജീവിതം കവിതയായി മാറുന്നു. ഉറവവറ്റാത്ത തെളിമയുള്ള ദൃശ്യവിസ്മയമായിത്തീരുന്നു. ഈ കാഴ്ച കണ്ട് നമുക്ക് നൃത്തം വയ്ക്കാം. അതാണ് ഗുരു പറയുന്നത്:

"നടനം ദർശനാമായാ-
ലുടനേ താനിങ്ങിരുന്നു നടുനിലയാം
നടുനില തന്നിലിരിക്കും
നെടുനാളൊന്നായവന്നു സൗഖ്യംതാൻ."

ചുവാങ്ത്സുവും നാരായണഗുരുവും ഒരുമിച്ച് കൈകോർത്തുപിടിച്ച് നൃത്തം ചെയ്യട്ടെ.

**കെ. എൻ ബാലാജി**
സനാതന യോഗ, സൈക്കിക്കൽ സെന്റർ, പുതുപ്പള്ളി



# സമാധിസ്ഥം മഹാചാര്യം ഗുരും ഭജേ



കൊച്ചുകേരളം ലോകത്തിനു സംഭാവന ചെയ്ത ഒരു വരദാനമാണ് ശ്രീനാരായണഗുരുദേവൻ! ആയിരത്താണ്ടുകൾ കൂടുമ്പോൾമാത്രം പ്രകൃതിയിൽ സംഭവിക്കുന്ന അത്യപൂർവ്വമായ ഒരു പ്രതിഭാസമാണിത്. മഹാഗുരുക്കന്മാർ ഈശ്വരാനന്ദമുണ്ണുന്നവരാണ്. അവർ ഈശ്വരാനന്ദത്തിൽ ഉന്മത്തരായിക്കഴിഞ്ഞതിനുശേഷം അനുകമ്പയാൽ ലോകനന്മയ്ക്കുവേണ്ടി, ജഗദോദ്ധാരണം നടത്തുവാനായി, ഊഷരസമമായ ഈ മഹീതലത്തെ വസന്തംപോലെ തീർത്ഥീകരിക്കുന്നതിനായി സഞ്ചരിക്കുന്ന തീർത്ഥങ്ങളായിത്തീരുന്നു. ഏതാദൃശന്മാരായ ഗുരുക്കന്മാരുടെ പാദപാംസുക്കളാൽ പുണ്യമിയന്നതാണ് ഈ ഭാരതവർഷം. ഒരു മഹാഗുരുവിന്റെ ദിവ്യസാന്നിദ്ധ്യത്തിനായി ഭാരതാംബ കാത്തുകാത്തിരിക്കുന്ന വേളയിലാണ് പതിനെട്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഭാരതമാതൃസങ്കല്പത്തെ സഫലീകൃതമാക്കിക്കൊണ്ട് ഭാരതത്തിന്റെ തെക്കേ അറ്റത്തെ ശ്രീപദ്മനാഭഭൂമി 1855 ലെ ചിങ്ങച്ചതയപ്പുലരിയിൽ ഈ ലോകഗുരുവിന് ഈറ്റില്ലമായിത്തീർന്നത്. ചെമ്പഴന്തി വയൽവാരം വീട്ടിൽ പുണ്യാത്മക്കളായ മാടനാശ

ന്റേയും കുട്ടിയമ്മയുടേയും മകനായാണ് ഗുരുദേവൻ പിറന്നത്. പിറന്നുവീണപ്പോഴും കരയാതെ ഈ ലോകത്തിലേക്കുവന്ന ആ കുഞ്ഞാണ് പിന്നീട് ലോകത്തിനു മുഴുവൻ പ്രകാശഗോപുരമായി വിലാസംചെയ്ത ശ്രീനാരായണഗുരുദേവൻ.

ഒരു മഹാഗുരുവിനുവേണ്ട സകലകലകളും തികഞ്ഞവനായാണ് നാണുബാലൻ പിറന്നത്. ലോകരീത്യാതന്നെയുള്ള ജീവിതം നയിക്കുമ്പോഴും ഈശ്വരീയമായ ദാഹം ആ കുട്ടിയിൽ നിറഞ്ഞുനിന്നിരുന്നു. ഏകാന്തതയോടുള്ള പ്രേമം, സഹജീവികളോടുള്ള കാരുണ്യം, സമസൃഷ്ടിസ്നേഹം, അധർമ്മത്തെ ചോദ്യം ചെയ്യാനുള്ള തന്റേടം തുടങ്ങി ആദ്ധ്യാത്മികലോകത്തെ ചക്രവർത്തിയാകാനുള്ള സകലയോഗ്യതകളും നന്നേ ചെറുപ്പത്തിലേ നാണുബാലനിൽ നിറഞ്ഞുനിന്നിരുന്നു. പ്രാഥമികവിദ്യാഭ്യാസത്തിനുശേഷം ഉപരിപഠനത്തിനായുള്ള അന്വേഷണമായി. തെക്കൻകേരളത്തിലെ അന്നത്തെ ഏറ്റവും പ്രശസ്തമായ സരസ്വതീമന്ദിരം കുമ്മമ്പള്ളി രാമൻപിള്ള ആശാൻ ആചാര്യനായുള്ള ചൊവ്വണ്ണൂർ ഗുരുകുലമായിരുന്നു. ബുദ്ധിമാന്മാരായ വിദ്യാർത്ഥികളുടെ ആദ്യാന്വേഷണം രാമൻപിള്ള ആശാന്റെ കീഴിൽ ഉന്നതവിദ്യാഭ്യാസം ചെയ്യുവാൻ സാധിക്കുമോ എന്നതായിരുന്നു.

മാടനാശാൻ സ്വപുത്രനെ ചൊവ്വണ്ണൂർ ഗുരുകുലത്തിൽ ചേർത്തു. ഈ അവസരത്തിൽ ഗുരു താമസിച്ചിരുന്നത് വാരണപ്പള്ളി തറവാട്ടിലായിരുന്നു. ഉത്തമനായ ഗുരു, ബുദ്ധിമാന്മാരായ സഹപാഠികൾ, താമസിക്കുവാൻ അനുയോജ്യമായ ഒരിടം... ജീവിതാഭിവൃദ്ധിക്ക് ഇതിലപ്പുറം എന്തു വേണം? വാരണപ്പള്ളിയിലെ താമസം ജിജ്ഞാസുവായ ആ യുവാവിന്റെ ജീവിതത്തിൽ വലിയ സ്വാധീനമുണ്ടാക്കി. ഈശ്വരസന്നിധിയിലേക്കുള്ള രാജപാതയെക്കുറിച്ച് കേട്ടറിവുണ്ടാകുന്നത് ഇവിടെനിന്നുമാണ്. ഇക്കാലത്തുതന്നെ നാണു ഉത്തമനായ ഒരു സാധകനായിരുന്നു. ജഗദീശ്വരന്റെ പ്രഥമദർശനം ഉണ്ടാകുന്നത് പുണ്യഭൂമിയായ വാരണപ്പള്ളിയിൽ വച്ചാണ്. സംസ്കൃതത്തിലും മലയാളത്തിലുമുള്ള വേദവേദാന്തസാഹിത്യാദികൃതികളൊക്കെ ആശാനിൽനിന്നു കരഗതമാക്കി.

ഈ പ്രപഞ്ചത്തിന്റെ സൃഷ്ടിസ്ഥിതിലയകാരണമായ ജഗദീശ്വരനെ അറിയുക എന്നതാണ് മനുഷ്യജീവിതത്തിന്റെ മേന്മയെന്ന് ഗുരുക്കന്മാരിൽനിന്നും ശാസ്ത്രങ്ങളിൽനിന്നും മനസ്സിലാക്കിയ ജിജ്ഞാസുവായ ആ യുവാവ് സഹ്യന്റെ താഴ്‌വരയിലേക്ക്, പുരാണപ്രസിദ്ധമായ മരുത്വാമലയിലേക്ക് പ്രയാണം ചെയ്തു. പത്തൊമ്പതാം നൂറ്റാണ്ടിൽ ജന്മമെടുക്കുന്ന ആ മഹാപുരുഷൻ തപംചെയ്യുവാൻ തെരെഞ്ഞെടുക്കുന്ന തപോവാടി ഉൽക്കൃഷ്ടമായിരിക്കണമെന്ന നിർബന്ധത്തോടെ പ്രകൃതിമാതാവ് ഭൂമിയെ സൃഷ്ടിച്ചപ്പോൾ സശ്രദ്ധം

ഒരുക്കിയെടുത്ത പുണ്യഭൂമിയാണ് മരുന്നുമാമല. ഒരു താപസന് തപസനുഷ്ഠിക്കുവാൻ വേണ്ടുന്നതെല്ലാം ആ പുണ്യവാടിയിൽ ഒരുക്കപ്പെട്ടിരുന്നു. മരുത്വാമലയുടെ മകുടമായി സുന്ദരമായ പിള്ളത്തടം ഗുഹ നിലകൊള്ളുന്നു. മൂന്നുസാഗരങ്ങളുടെ സംഗമസ്ഥാനമായ കന്യാകുമാരിയിലെ



കടൽക്കാറ്റ് നിർലോഭം ഗുഹയിലേക്ക് വീശിക്കൊണ്ടിരിക്കും. എന്നാൽ കാറ്റും മഴയുമൊന്നുമേൽക്കാതെ സൂക്ഷിക്കപ്പെട്ടിരിക്കുന്ന മറ്റൊരു ഗുഹ ഉള്ളിലായി സ്ഥിതിചെയ്യുന്നുണ്ട്.

തപസ്സിനു ദൃഢനിശ്ചയം ചെയ്ത യുവാവിന്റെ മനോദർപ്പണത്തിൽ മരുന്നുമാമല തെളിഞ്ഞുവന്നു . കടന്നു കാണുവാനുള്ള ശേഷിയായ ഋഷിത്വം ഗുരുവിൽ ചെറുപ്പം മുതലേ ഉണ്ടായിരുന്നു. ഏകാന്തത മൂർത്തരൂപം പ്രാപിച്ച പിള്ളത്തടം ഗുഹയിലെത്തിയ യുവയോഗി മനസ്സിനേയും ഇന്ദ്രിയങ്ങളേയും ഏകാഗ്രമാക്കുന്ന പരമമായ തപസ്സിൽ മുഴുകി. നിമിഷങ്ങൾ മണിക്കൂറുകളും ദിവസങ്ങളും മാസങ്ങളും വർഷങ്ങളുമായി മാറി.

ആദ്ധ്യാത്മികസാധനയുടെ കഠിനമായ പാതയിലൂടെ സധൈര്യം ആ യോഗി മുന്നേറി. ദേവീദേവന്മാരുടെ ദർശനങ്ങൾ, ആത്മീയാനുഭൂതികൾ ഒന്നൊന്നായി വന്നുചേർന്നു. ഗുരു ഈശ്വരാനുഭൂതിയുടെ ആഴത്തിൽ മുങ്ങിയമർന്നു. ആഴമേറും നിൻമഹസ്സാമാഴിയിൽ ആണ്ടാണ്ടിറങ്ങി. ആത്മസൂര്യന്റെ സാക്ഷാത്ക്കാരം!

നാണുവായി മലയിലേക്കു കയറിയ ആൾ ശ്രീനാരായണഗുരുവായി മാറിയിരിക്കുന്നു. സമാധിസ്ഥനായ മഹാചാര്യനായി ത്തീർന്നിരിക്കുന്നു. ആത്മാവിന്റെ അപരനാമമാണ് സമാധി. സമ്യക് അധീയതേ അസ്മിൻ ഇതി സമാധി - പൂർണ്ണമായി ഇതിൽ (ആത്മാവിൽ) ചേരുന്നതിനാൽ സമാധി എന്ന് ശാസ്ത്രനിർവചനം. ഒന്നുകൂടി വ്യക്തമായി പറഞ്ഞാൽ ഈശ്വരസാക്ഷാത്ക്കാരത്തെ സമാധി എന്നു പറയുന്നു. ഇത്തരത്തിൽ ഗുരു മരുത്വാമലയിൽവച്ച് യൗവനത്തിലാണ് സമാധിസ്ഥനാകുന്നത്.

മഹാപുരുഷന്മാരുടെ ദേഹപതനത്തെ മഹാസമാധി എന്നു പറയുന്നു. മനോവാക്കുകൾക്ക് അപ്രാപ്യമായ ഈശ്വരാനന്ദം സമാധിസ്ഥനായ ഗുരു ആവോളം അനുഭവിക്കുന്നു. ബ്രഹ്മാനുഭൂതി ഗുരുവാണിയായി പുറത്തേക്കൊഴുകിയപ്പോൾ ലോകകല്യാണകാരകമായ ഗുരുകൃതികളായി അവ മാറി.

ഒരു കോടി ദിവാകരരൊത്തുയരും ........ഒരു പതിനായിരമാദിതേയരൊന്നായ്............

ബ്രഹ്മജ്ഞാനം ജീവനെ ഈശ്വരസ്വരൂപിയാക്കുന്നു. ജീവാത്മാവും പരമാത്മാവും ഒന്നായിത്തീരുന്ന സാക്ഷാത്കാരമുണ്ടാകുന്ന വ്യക്തി ഈശ്വരസ്വരൂപനാകുന്നു. മരുത്വാമലയിലേക്കു കയറിയ നാണുഭക്തൻ ശ്രീനാരായണഗുരുവായിരിക്കുന്നു, ലോകത്തിനു മുഴുവൻ പ്രകാശം വിതറുന്ന ദൈവതേജസായിരിക്കുന്നു. ഞാൻ ഈശ്വരനാണെന്ന സത്യം സംശയലേശമെന്യേ ഗുരു ലോകത്തോടു വിളിച്ചുപറയുന്നതു ശ്രദ്ധിക്കാം. പ്രജ്ഞാനം ത്വഹമസ്മി - ഞാൻ പ്രജ്ഞാനസ്വരൂപനായ ഈശ്വരനാകുന്നു. ജനനമരണങ്ങളറ്റ ദൈവസത്തയാണ് താനെന്ന് മറ്റൊരു വാണി. 'മരണവുമില്ല പുറപ്പുമില്ല വാഴ്വും'. സർവ്വജ്ഞനും സർവ്വശക്തനുമായ പരമാത്മസ്വരൂപംതന്നെ താനെന്ന് വേറൊരു വെളിപ്പെടുത്തൽ. ഇങ്ങനെ 'ഒരു കുറി നാമറിയാത്തതൊന്നുമിങ്ങില്ല'. അതെ, തൃപ്പാദങ്ങൾ ഈശ്വരസംഭൂതൻതന്നെ.

തണ്ടാരിൽവീണ് മധുവുണ്ടാരമിക്കുന്ന വണ്ടിനെപ്പോലെ ആത്മാനന്ദമധു ഉണ്ട പരമഹംസനായ ഗുരു താൻ കരസ്ഥമാക്കിയ ഈശ്വരാനന്ദം ആർക്കും നേടാവുന്നതാണല്ലോ എന്ന സത്യം തിരിച്ചറിഞ്ഞു. എല്ലാത്തരത്തിലുള്ള ആനന്ദവും ഈശ്വരാനന്ദത്തിന്റെ കൈവഴികൾതന്നെയാണ്. ഈശ്വരനെ അറിയുന്നവർ എല്ലാത്തരത്തിലുള്ള ദുഃഖങ്ങളിൽനിന്നും മോചിതരാകുന്നുവെന്ന ഉപനിഷത്വചനം ഗുരുവിന്റെ മനോമുകുരത്തിൽ ഓടിയെത്തി. അനന്തമായ ഈ ആനന്ദഭാവത്തെക്കുറിച്ച് അജ്ഞരായ ലക്ഷോപലക്ഷം ജനങ്ങൾ അറിവില്ലായ്മ ഒന്നുകൊണ്ടു മാത്രം ദുഃഖസാഗരത്തിൽ ആറാടിക്കഴിയുന്നു. അവരുംകൂടി യാഥാർത്ഥ്യം അറിഞ്ഞിരുന്നുവെങ്കിൽ!

പതിതകാരുണികനായ ഗുരുവിന്റെ ഉള്ളു നീറി. താൻ നേടേണ്ടതു നേടിയിരിക്കുന്നു. ശിഷ്ടജീവിതം ജനങ്ങൾക്കു അറിവുണ്ടാകുന്നതിനു വേണ്ടിയാകട്ടെ. അനുകമ്പാമൂർത്തിയായ പരമഗുരു മരുത്വാമല എന്ന സ്വർഗ്ഗസ്ഥാനത്തുനിന്ന് അരുവിപ്പുറമെന്ന മഹീതലത്തിലേക്ക് ഇറങ്ങിവന്നു. അദ്ധ്യാത്മലോകത്തെ ഈ അഭിനവഭഗീരഥൻ ആത്മാനന്ദമാകുന്ന സ്വർഗംഗയെ അറിവില്ലായ്മയും അന്ധവിശ്വാസങ്ങളുമൊക്കെകൊണ്ടു നിറഞ്ഞ ഭൂമണ്ഡലത്തിലേക്ക് സേചനം ചെയ്തു. ആ ആത്മപ്രവാഹത്തിൽ പലതും ഒഴുകി ഒലിച്ചുപോയി. ശേഷിക്കേണ്ടവയൊക്കെ ശേഷിച്ചു.

ലോകോദ്ധാരണകർമ്മപരിപാടികൾക്ക് 1888 ലെ ശിവരാത്രിനാൾ അവിടുന്ന് തുടക്കം കുറിച്ചു. ഭാരതചരിത്രത്തിൽ ഒരു കല്ലിനുമുകളിൽ മറ്റൊരു കല്ലെടുത്തുവച്ച് മതലോകത്ത് മഹാവിപ്ലവത്തിന് നാന്ദിക്കുറിച്ചിരിക്കുന്നു. അർഹതയില്ലെന്ന് ആയിരത്താണ്ടുകളായി വിശ്വസിച്ചുപോന്ന ഒരു കാര്യത്തെ ഇതാ ക്ഷണനേരംകൊണ്ട്

മാറ്റിമറിച്ചിരിക്കുന്നു. ഈശ്വരപുരുഷന ല്ലാതെ ഇക്കാര്യം മറ്റാർക്ക് സാധിക്കും? പന്നീടങ്ങോട്ട് അനേകം ആരാധനാലയങ്ങൾ സ്ഥാപിക്കുവാൻ അവിടുന്നു കാർമ്മികനായി. ശിവഗിരീ ശ്വരിയായി വിദ്യാദേവതയെ പ്രതി ഷ്ഠിച്ച് വിദ്യകൊണ്ട് സ്വതന്ത്രരാകുവാ നും പ്രബുദ്ധരാകുവാനും ഗുരുവരുളു ണ്ടായി. തെക്കേഇന്ത്യയിൽ അങ്ങോ ളമിങ്ങോളവും ശ്രീലങ്കയിലും ദേവാ ലയങ്ങളും വിദ്യാലയങ്ങളും മഠങ്ങളും ധർമ്മസ്ഥാപനങ്ങളും തൊഴിൽശാല കളുമൊക്കെ സ്ഥാപിക്കുവാൻ അവി ടുന്നു നേതൃത്വം നൽകി.

1927 മാർച്ച് 13ന് ഗുരുവിന്റെ വെങ്ക ലപ്രതിമ തലശ്ശേരി ജഗന്നാഥക്ഷേത്ര സന്നിധിയിൽ പ്രതിഷ്ഠിക്കപ്പെട്ടു. പ്രതി ഷ്ഠിക്കാൻ കൊണ്ടുവന്ന തന്റെ പ്രതിമ ഗുരു കാണുകയും പ്രതിഷ്ഠി ക്കാൻ അനുമതി നൽകുകയും ചെയ്തു. അതേ! ജീവിച്ചിരുന്നൊരു നാളിൽ ആരും അവിടുത്തെ പൂവിട്ടു പൂജിച്ചിരുന്നു. ചൈതന്യസ്വാമികൾ രചിച്ച ഗുരുപുഷ്പാഞ്ജലീമന്ത്രത്താൽ അന്നു മുതലേ ഗുരുവിനെ വിധിയാം വണ്ണം പൂജിച്ചുപോരുന്നു. ജീവിച്ചിരുന്ന പ്പോൾ ഏവരുടേയും ആദരവിനു പാത്രീഭൂതനാകാൻ കഴിഞ്ഞ അപൂർവ്വം ലോകഗുരുക്കന്മാരിൽ ഒരാ ളാണ് ശ്രീനാരായണഗുരുദേവൻ.

തന്റെ ദേഹപതനത്തിനുള്ള, മഹാ സമാധിക്കുള്ള സന്ദർഭം സമാഗതമാ കുന്നതായി ഗുരു മനസ്സിലാക്കി. അവ സാനനാളുകളിൽ മൂത്രതടസ്സം ഗുരു



വിനെ വിഷമിപ്പിച്ചിരുന്നു. ഈ അവ സരത്തിൽ വിദേശത്തു പോകുവാൻ അനുവാദത്തിനായി നടരാജഗുരു ഗുരു സന്നിധിയിലെത്തി. എപ്പോൾ മടങ്ങി വരുമെന്ന ഗുരുവിന്റെ ചോദ്യത്തിന് ഒരുവർഷമെന്നായിരുന്നു നടരാജഗുരു വിന്റെ മറുപടി. നാലുമാസം എന്ന് അപ്പോൾ ഗുരു പ്രതിവചിച്ചു. നാലു മാസം കഴിഞ്ഞപ്പോൾ ശ്രീനാരാ യണഗുരുദേവൻ മഹാസമാധി വരി യ്ക്കുകയും ചെയ്തു.

മഹാസമാധിക്ക് ഒരാഴ്ചയുള്ള പ്പോൾ ആഹാരത്തിന്റെ മാത്ര ചുരു ക്കി. നാലഞ്ചു ദിവസങ്ങളേ ഉള്ളൂ എന്നായപ്പോൾ പോഷകാംശമുള്ള ആഹാരങ്ങളെല്ലാം ഉപേക്ഷിച്ചു. പാലിലും കഞ്ഞിവെള്ളത്തിലും പഴ ങ്ങളുടെ രസത്തിലും പോഷകാംശമു

ള്ളതിനാൽ അവയും നിശേഷം വർജ്ജിച്ചു. ചൂടാക്കി തണുപ്പിച്ച വെള്ളവും ജീരകവെള്ളവും മാത്രം കുറേശെ തന്നാൽ മതിയാകും എന്ന് ഗുരു നിർദേശിച്ചു. ഗുരുവിന്റെ മുഖത്ത് സാധാരണയിൽ കവിഞ്ഞ് രോമം വളർന്നിരുന്നു. മഹാസമാധിക്ക് രണ്ട് ദിവസമുള്ളപ്പോൾ താടി വടിപ്പിക്കണമെന്ന് ഗുരു ആവശ്യപ്പെട്ടു. പുതിയ ഒരു കത്തി വാങ്ങിപ്പിച്ചു. ക്ഷുരകനെ വിളിപ്പിച്ച് രോമമെല്ലാം വടിപ്പിച്ചു. കത്തി ഇനി ആവശ്യമില്ല, അതു ക്ഷുരകനുതന്നെ കൊടുത്തേക്കുവാനും മൂന്നു രൂപാ വാങ്ങിക്കൊടുക്കുവാനും ഗുരു പ്രത്യേകം നിർദ്ദേശിച്ചു.

1928 സെപ്റ്റംബർ 21-ാം തിയ്യതി (1104 കന്നി 5). മൂടിക്കെട്ടിയ അന്തരീക്ഷം. പ്രകൃതീദേവിക്കുതന്നെ ആകെ ഒരു മ്ലാനത. ശിഷ്യന്മാരും ആരാധകരുമെല്ലാം ഗുരുവിനു സമീപമുണ്ട്. ശിഷ്യനായ പി. രാമൻ മുറിയിലേക്കു കടന്നുചെല്ലുമ്പോൾ, ' നമ്മെ രാഹു ഗ്രസിച്ചു. ഇനി പോകണം' എന്നു ഗുരു പറയുന്നതാണ് കേട്ടത്. ഒരു ശിഷ്യൻ യോഗവാസിഷ്ഠം എന്ന വേദാന്തഗ്രന്ഥം ഗുരുസന്നിധിയിൽ പാരായണം ചെയ്തുകൊണ്ടിരുന്നു. വാസിഷ്ഠത്തിലെ നിർവാണപ്രകരണം വായിച്ചുകഴിഞ്ഞപ്പോൾ, 'നമുക്കു നല്ല സുഖം തോന്നുന്നു' എന്ന് പറഞ്ഞുകൊണ്ട് ഗുരു എണീറ്റിരുന്നു. സമയം ഉച്ചകഴിഞ്ഞ് 3.30. എല്ലാവരുംകൂടി ദൈവദശകം ചൊല്ലുവാൻ ഗുരു നിർദേശിച്ചു. ആഴമേറും നിൻമഹസ്സാം ആഴിയിൽ ഞങ്ങൾ ആകവേ ആഴണം വാഴണം നിത്യം. വാഴണം വാഴണം സുഖം എന്ന് ദൈവദശകം ചൊല്ലിക്കഴിഞ്ഞതും ഗുരു മഹാനിർവാണം പ്രാപിച്ചു.


**one-world** publishing house

Chethikode P.O - 682315, Ernakulam. ph:9745947040

| | | |
|---|---|---|
| 1 | ഗുരുസാന്നിധ്യത്തിലെ അമൃതവർഷം | 80 രൂപ |
| 2 | ധർമ്മത്തിന്റെ ലാളിത്യം | 80 രൂപ |
| 3 | ആത്മോപദേശശതകം (വ്യാഖ്യാനം) | 90 രൂപ |
| 4 | മനഃശാസ്ത്രത്തിനപ്പുറം (മാണ്ഡൂക്യോപനിഷത് വ്യാഖ്യാനം) | 100 രൂപ |
| 5 | പ്രാർത്ഥന, മനനം, ധ്യാനം | 25 രൂപ |
| 6 | ചോദിക്കൂ..എന്നാൽ പറയാം (ഗുരു നിത്യചൈതന്യയതി) | 100 രൂപ |
| 7 | താവോ: ഗുരുവിന്റെ വഴി (താവോ തേ ചിങിന്റെ തർജ്ജമ - അഷിത) | 70 രൂപ |
| 11 | സമ്പൂർണ്ണ ഗുരുദേവകൃതികൾ | 60 രൂപ |
| 12 | LAUGHING BUDDHA - Ashita | 50 രൂപ |
| 13 | ഗുരുസാഗരം - 2 ഓഡിയോ സി.ഡികൾ) (16 ഗുരുദേവകൃതികളുടെ ആലാപനം) | 100 രൂപ |

പുസ്തകങ്ങൾ വേണ്ടവർ M.O അയക്കുക. തപാൽ ചാർജ്ജ് അയക്കേണ്ട. ഫോണിലും ബന്ധപ്പെടാം.

വ്യാഖ്യാനം:
ജനനീ നവരത്നമഞ്ജരി

സ്വാമി സുധി



# ഹൃദയപുണ്ഡരീകത്തിലെ രത്നത്തിളക്കം



ശ്രീനാരായണഗുരുവിന്റെ അഭൗമസുന്ദരമായ ഒരു കൃതിയാണ് ജനനീ നവരത്നമഞ്ജരി. കവിത കൊണ്ടും ദർശനംകൊണ്ടും ലാളിത്യംകൊണ്ടും വളരെ ഉന്നതമായ തലത്തിലാണ് ഈ കൃതി വിരാജിക്കുന്നത്. ജനനി എന്നാൽ അമ്മ. വിശ്വത്തിന്റെ അമ്മ. നവരത്നമഞ്ജരി എന്നാൽ ഒമ്പതു രത്നങ്ങൾ ചേർന്ന ഒരു കുല. മഞ്ജരി എന്നാൽ പൂങ്കുലയാണ്. ഇവിടെ പൂക്കളുടെ കുലയല്ല, രത്നങ്ങൾ ചേർന്ന കുലയാണ്. ഒമ്പതു പദ്യങ്ങളാണ് ഈ കൃതിയിൽ ഉള്ളത്. ഈ ഒമ്പതു പദ്യങ്ങൾ ചേർത്തുവയ്ക്കുമ്പോൾ രത്നസന്നിഭമായ തിളക്കം കൈവരുന്നു. ഭൗതികജീവിതത്തിൽ ഏറെ വിലപിടിപ്പുള്ള വസ്തുവാണ് രത്നം. ആദ്ധ്യാത്മികമായ ജീവിതത്തിൽ നാം അനുഭവിക്കുന്ന ആനന്ദത്തിന് ഈ രത്നത്തേക്കാൾ അമൂല്യതയുണ്ട്. ആ അമൂല്യസത്തയിലേക്ക് നമ്മുടെ ശ്രദ്ധ തിരിക്കാൻ വേണ്ടിയാണ് രത്നം എന്ന വാക്ക് ഗുരു ഇവിടെ പ്രയോഗിച്ചത്. അതുകൊണ്ട് ഇവിടെ രത്നം ജ്ഞാനാനുഭൂതിയാണ് (mystic experience). ഒമർ ഖയ്യാം റുബ്ബയാത്തിൽ പറയുന്ന വീഞ്ഞും നാരായണഗുരുവിന്റെ രത്നവും ഒരേ അനുഭൂതിയുടെ വ്യത്യസ്തമായ പ്രതീകങ്ങളാണ്.

ഭാഗവതത്തിൽ നവവിധഭക്തിയെക്കുറിച്ച് വിശദീകരിക്കുന്നുണ്ട്. അവ ശ്രവണം, കീർത്തനം,

സ്മരണം, പാദസേവനം, അർച്ചനം, വന്ദനം, ദാസ്യം, സഖ്യം, ആത്മനിവേദനം എന്നിവയാണ്. ഭക്തിയുടെ ഈ ഒമ്പതു ഭാവങ്ങളെ ആവാഹിക്കുവാൻവേണ്ടി സ്വാതിതിരുനാൾ നവരത്നമാലികാ കീർത്തനങ്ങൾ രചിച്ചു. ഭാരതത്തിൽ ഒമ്പത് എന്ന അക്കത്തിന് ഗണനക്രിയയിൽ ചില പ്രത്യേകതകളുണ്ട്. അതൊരു മാന്ത്രിക സംഖ്യയാണ്. മാത്രമല്ല ജീവിതത്തിൽ നാം കേട്ടുപോരാറുള്ള നവരസങ്ങൾ, നവധാന്യങ്ങൾ, നവഗ്രഹങ്ങൾ ഇവയിലൊക്കെ കാണുന്ന നവശബ്ദത്തിന് ഗുരുവിന്റെ മനസ്സിൽ ഒരു കൃതിയുടെ നിർമ്മിതിയിലേക്ക് പ്രവേശിക്കുവാനുള്ള പ്രേരണയെ ഒരുക്കിക്കൊടുത്തിരിക്കണം. ഒമ്പതു രത്നങ്ങളുടെ പേർ കേൾക്കുമ്പോൾ പോലും ഇമ്പമുള്ളവയാണ്. നവരത്നങ്ങളെക്കുറിച്ച് അറിയുവാനായി കൗതുകം തോന്നിയപ്പോൾ ഒരു ആകരഗ്രന്ഥം (reference book) എടുത്ത് ഞാനൊന്നു മറിച്ചുനോക്കി. എത്ര മനോജ്ഞമായ പേരുകളാണവ. മുത്ത്, മാണിക്യം, മരതകം, വൈഡൂര്യം, ഗോമേദകം, വൈരം, പത്മരാഗം, പവിഴം, ഇന്ദ്രനീലം. ഗുരുവിന്റെ ഈ കൃതിയിലെ ഓരോ പദ്യവും സൗന്ദര്യത്തിന്റെ മുഴുവൻ സാധ്യതകളേയും ഒരു ചിമിഴിലാക്കി സൂക്ഷിച്ചതുപോലെയാണ്. കടഞ്ഞെടുത്ത പദങ്ങളും ബിംബങ്ങളും ദാർശനികമായ ഒരു മൂശയിലേക്ക് ഉരുക്കിയൊഴിച്ച് വാർത്തെടുത്ത ഒരു അമൂല്യനിധി!

സത്യാന്വേഷണം നിധി അന്വേഷിച്ചുള്ള ഒരു യാത്രപോലെയാണ്. അങ്ങനെയൊരു കഥ ഓഷോയുടെ ഗ്രന്ഥസമുച്ചയത്തിലെവിടെയോ ഞാൻ വായിച്ചിട്ടുണ്ട്. ഒരു മരംവെട്ടുകാരൻ എല്ലാ ദിവസവും വിറക് ശേഖരിക്കാനായി കാട്ടിലേക്ക് പോകുമായിരുന്നു. സൂര്യൻ അസ്തമിക്കുന്നതോടെ വലിയ ഒരു കെട്ട് വിറകുമായി അദ്ദേഹം ചന്തയിലെത്തും. വിറക് വിറ്റു കിട്ടുന്ന പൈസകൊണ്ട് വീട്ടിലേക്ക് ആവശ്യമുള്ള സാധനങ്ങളെല്ലാം വാങ്ങിക്കും. അദ്ദേഹത്തിന്റെ തുച്ഛമായ വരുമാനം കൊണ്ട് ഭാര്യയും കുട്ടികളും അരിഷ്ടിച്ച് ജീവിച്ചുപോന്നു. മരംവെട്ടുകാരൻ കാട്ടിലേക്ക് പോകുന്ന വഴിയിൽ ഒരു സന്ന്യാസി താമസിച്ചിരുന്നു. സന്ന്യാസി എപ്പോഴും ധ്യാനനിരതമായി ഒരിടത്തിരിക്കുന്നുണ്ടാകും. അതുകൊണ്ട് മരംവെട്ടുകാരൻ സന്ന്യാസിയെ ഗൗനിക്കാറുണ്ടായിരുന്നില്ല.

എന്നാൽ ആ സന്ന്യാസി മരംവെട്ടുകാരനെ എല്ലാ ദിവസവും ശ്രദ്ധിക്കുന്നുണ്ടായിരുന്നു. കാരണം മരംവെട്ടുകാരൻ അനുഭവിക്കുന്ന പ്രയാസങ്ങൾ സന്ന്യാസിയുടെ മനസ്സിനെ ആർദ്രമാക്കിയിരുന്നു. ഒരു ദിവസം സന്ന്യാസി മരംവെട്ടുകാരനെ വിളിച്ചു: 'താങ്കൾക്ക് കാടിന്റെ ഉള്ളിലേക്ക് കുറച്ചുകൂടി പോയ്ക്കൂടെ ?'

'ഉള്ളിലേക്ക് പോയതുകൊണ്ട് എന്താണ് പ്രയോജനം ?' മരംവെട്ടുകാരൻ ചോദിച്ചു.

അപ്പോൾ സന്ന്യാസി പറഞ്ഞു: 'അവിടെ ഒരു ഇരുമ്പു ഖനിയുണ്ട്. താങ്കൾ ഒരുപാട് കഷ്ടപ്പെടുന്നു. മാത്രമല്ല കടുത്ത മഴക്കാലം വരാൻ പോവു

കയാണ്. അവിടെപോയി കുറെ ഇരുമ്പയിര് ശേഖരിച്ച് ചന്തയിൽ കൊണ്ടുപോയി കൊടുത്താൽ അത്യാവശ്യം പണം കിട്ടും.'

മരംവെട്ടുകാരൻ സന്ന്യാസിയുടെ വാക്കുകളെ അവിശ്വസിച്ചെങ്കിലും കാടിനുള്ളിലേക്കു പോകാൻതന്നെ തീരുമാനിച്ചു. കാടിനുള്ളിലേക്കു ചെന്നപ്പോൾ സന്ന്യാസി പറഞ്ഞത് ശരിയായിരുന്നു. അവിടെ ഇരുമ്പുഖനി ഉണ്ടായിരുന്നു. ആ ഇരുമ്പുഖനിയിൽനിന്നും എടുക്കാവുന്നത്ര ഇരുമ്പയിർ ചാക്കിലാക്കി ചന്തയിൽ കൊണ്ടുപോയി വിറ്റു. കൈനിറയെ പണം കിട്ടി. കഷ്ടിച്ച് ഒരാഴ്ച കഴിഞ്ഞപ്പോൾ ആ പണമെല്ലാം തീർന്നു. വീണ്ടും കോടാലിയെടുത്ത് മരംവെട്ടുകാരൻ കാട്ടിലേക്ക് പോയി. സന്ന്യാസി അവിടെത്തന്നെ ഉണ്ടായിരുന്നു. ഇപ്രാവശ്യം അതേ ചോദ്യംതന്നെ സന്ന്യാസി ആവർത്തിച്ചു: 'താങ്കൾക്ക് കുറച്ചുകൂടി കാടിന്റെ ഉള്ളിലേക്ക് പോയ്ക്കൂടെ?'

'ഉള്ളിലേക്ക് പോയാൽ എന്താണ് ഉള്ളത് ?' മരംവെട്ടുകാരൻ ചോദിച്ചു.

'അവിടെ ഒരു വെള്ളിഖനിയുണ്ട്.'

മരംവെട്ടുകാരന് അത് വിശ്വസിക്കാൻ കഴിഞ്ഞില്ല. എന്നാലും അയാൾ കാടിന്റെ ഉള്ളിലേക്ക് പോയി. ഇപ്രാവശ്യം അയാൾ ശരിക്കും അത്ഭുതപ്പെട്ടുപോയി. അവിടെ വെള്ളിഖനി ഉണ്ടായിരുന്നു. ഇത്രയും കാലം കാട്ടിൽ വന്നിട്ടും ഇങ്ങനെയൊരു വെള്ളിഖനി താൻ കണ്ടിട്ടില്ലല്ലോ എന്നയാൾ ആത്മഗതം ചെയ്തു. അതിൽനിന്നും കുറെ വെള്ളി ശേഖരിച്ച് അയാൾ ചന്തയിൽ കൊണ്ടുപോയി വിറ്റു. ഇപ്രാവശ്യം മുമ്പത്തേക്കാളധികം പണം കിട്ടി. വീട്ടിൽ എല്ലാവർക്കും നല്ല വസ്ത്രങ്ങൾ വാങ്ങി. കുട്ടികൾക്ക് കളിക്കാൻ കളിപ്പാട്ടങ്ങൾ വാങ്ങി. കുടുംബത്തിൽ ആഹ്ലാദം തിരതല്ലി. പക്ഷേ, എന്തുപറയേണ്ടൂ. വീണ്ടും പണം തീർന്നു. മരംവെട്ടുകാരൻ കോടാലിയുമെടുത്ത് കാട്ടിലേക്ക് പോയി. വഴിവക്കിൽ സന്ന്യാസിയെ കണ്ടു. സന്ന്യാസി പറഞ്ഞു: 'കുറച്ചുകൂടി കാടിനുള്ളിലേക്ക് പോയ്ക്കൂടെ ?'

'അവിടെ പുതിയതായി എന്താണ് ഉള്ളത് ?' മരംവെട്ടുകാരൻ ചോദിച്ചു.

'അവിടെ ഒരു സ്വർണ്ണഖനിയുണ്ട്.' സന്ന്യാസി പറഞ്ഞു.

'സ്വർണ്ണഖനിയോ ?' മരംവെട്ടുകാരൻ അത്ഭുതം കൂറി.

എന്നാലും സന്ന്യാസി പറഞ്ഞതുപോലെ അയാൾ കാടിനുള്ളിലേക്കുതന്നെ പോയി. മരംവെട്ടുകാരന് തന്റെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. ഇങ്ങനെ ഒരു സ്വർണ്ണഖനി ഉണ്ടായിട്ടും ഈ സന്ന്യാസിയെന്തേ ഇതൊന്നും സ്വന്തമാക്കാത്തത് ? കിട്ടാവുന്നത്ര സ്വർണ്ണവുംകൊണ്ട് അദ്ദേഹം ചന്തയിൽ ചെന്നു. ധാരാളം പണം അദ്ദേഹത്തിന് ലഭിച്ചു. മരംവെട്ടുകാരൻ പുതിയൊരു വീട് പണിതു. നാട്ടുകാരുടെ ഇടയിൽ ബഹുമാന്യനായി. പലർക്കും പണം ദാനം ചെയ്തു. കുറേക്കാലം കഴിഞ്ഞപ്പോൾ ആ പണവും തീർന്നുപോയി. മരംവെട്ടുകാരൻ ഇപ്രാവശ്യം സന്ന്യാസിയുടെ

അടുത്തുചെന്നു. അപ്പോൾ സന്ന്യാസി പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു: 'താങ്കൾ ഇനിയും ഉള്ളിലേക്കു പോകണം.'

'ഇനിയും ഉള്ളിലേക്ക് പോയാൽ എന്താണ് ഉള്ളത് ?'

'കാടിന്റെ ഒത്ത നടുവിൽ ഒരു രത്ന ഖനിയുണ്ട്. പക്ഷേ അങ്ങോട്ടുള്ള യാത്ര സാഹസികമാണ്. എന്നാലും ശ്രമിച്ചാൽ എത്തിപ്പെടാം.'

സന്ന്യാസിയുടെ വാക്കുകളിൽ എപ്പോഴും ഉണ്ടായിരുന്ന അവിശ്വാസം ഇപ്പോഴും മരംവെട്ടുകാരനിൽ ഉണ്ടാ യിരുന്നു. ഇത്ര വലിയ രത്നഖനി യെല്ലാം ഉണ്ടായിട്ടും ഒരു ചീന്ത് തുണിയും ചുറ്റി ഇദ്ദേഹം എന്തുകൊ ണ്ടാണ് ഈ മരച്ചുവട്ടിൽമാത്രം ഒതു ങ്ങിക്കൂടുന്നത്? സംശയത്തെയൊക്കെ തത്ക്കാലത്തേക്ക് മാറ്റിനിർത്തി കാടിന്റെ മധ്യത്തിലേക്കുതന്നെ അയാൾ പോയി. ഒരു പ്രകാരത്തിൽ അവിടെ എത്തി. ആ കാഴ്ച മരംവെ ട്ടുകാരനെ അസ്തപ്രജ്ഞനാക്കി. അമൂല്യമായ രത്നങ്ങൾ. അദ്ദേഹ ത്തിന്റെ കണ്ണുകൾ അഞ്ചിപ്പോയി. കിട്ടാവുന്നത്ര രത്നങ്ങൾ ചാക്കി ലാക്കി അദ്ദേഹം ചന്തയിൽ കൊണ്ടു പോയി വിറ്റു. അയാൾ ആ നാട്ടിലെ ഏറ്റവും സമ്പന്നനായ വ്യക്തിയായി മാറി. രാഷ്ട്രീയപാർട്ടിക്കാരും പുരോഹിതന്മാരും അദ്ദേഹത്തെ കാണാൻവന്നു. അയാൾ സമൂഹ ത്തിൽ എല്ലാത്തരത്തിലും അംഗീകൃ തനായി. സുഖലോലുപതയുടെ മൂർധ ന്യത്തിലൂടെ അയാളുടെ ജീവിതം കട ന്നുപോയി. കുറേ കാലം കഴിഞ്ഞ പ്പോൾ അയാളുടെ പണം തീർന്നു. ഇപ്രാവശ്യം അദ്ദേഹം അതീവ ദുഃഖി തനായി. സമ്പന്നനായ ഒരുവൻ ഇല്ലാ യ്മയിലേക്ക് വരുമ്പോൾ ഒരുതരം ശൂന്യത അനുഭവപ്പെടാറുണ്ട്. മരംവെ ട്ടുകാരൻ അങ്ങനെ ജീവിതത്തിന്റെ നിരർത്ഥകതയെക്കുറിച്ച് വ്യസനിച്ചു.

അപ്പോൾ അയാൾ കാട്ടിൽ താമ സിക്കുന്ന സന്ന്യാസിയെക്കുറി ച്ചോർത്തു. അയാൾ സന്ന്യാസിയെ കാണാനായി പോയി. സന്ന്യാസി അവിടെത്തന്നെ ഉണ്ടായിരുന്നു. ഇപ്രാ വശ്യം സന്ന്യാസിയുടെ അധരങ്ങളിൽ അർത്ഥഗർഭമായ ഒരു ചിരി ഉണ്ടായി രുന്നു. സന്ന്യാസി ചോദിച്ചു : 'ഇനിയും ഉള്ളിലേക്കു പോയ്ക്കൂടെ ?'

അപ്പോൾ അയാൾ ചോദിച്ചു: 'ഇനിയും ഉള്ളിലേക്കോ ? എന്തിന്റെ ഉള്ളിലേക്ക് ?'

അപ്പോൾ സന്ന്യാസി പറഞ്ഞു: 'ഇപ്രാവശ്യം കാടിന്റെ ഉള്ളിലേക്കല്ല പോകേണ്ടത്. താങ്കളുടെ ഉള്ളിലേക്കാ ണ്. അവിടെ ഒരു ഖനിയുണ്ട്. സ്വർണ്ണ ത്തിനേക്കാളും രത്നത്തിനേക്കാളും വിലപ്പിടിപ്പുള്ള അമൂല്യമായ ഒരു ഖനി.'

മരംവെട്ടുകാരൻ കൗതുകത്തോടെ ചോദിച്ചു: 'അതെങ്ങനെയാണ് ഞാൻ എന്റെ ഉള്ളിലേക്ക് പോവുക?'

സന്ന്യാസി പറഞ്ഞു: 'സമാധാ നത്തോടുകൂടി എന്റെ അടുത്ത് ഇരി ക്കുക,. അനുഭവിക്കാനുള്ള സുഖങ്ങ ളെല്ലാം താങ്കൾ അനുഭവിച്ചു. ബാഹ്യ ലോകത്തുനിന്ന് നേടാവുന്നതെല്ലാം നേടിയെടുത്തു. അവയെല്ലാം

താത്ക്കാലികങ്ങളും നശ്വരങ്ങളുമാണെന്ന് ബോധ്യമായില്ലേ ? ഇനി ശാശ്വമായ സുഖത്തിന്റെ ഖനി ഞാൻ തുറന്നു തരാം. അതിനിനി ഒരിടത്തും പോകേണ്ടതില്ല. അത് താങ്കളുടെ ഉള്ളിൽത്തന്നെയാണ്. ഉള്ളിന്റെ ഉള്ളിൽ മൗനത്തിന്റെ സൗമ്യമായ ഒരു പ്രതലമുണ്ട്. അവിടെ ആനന്ദവും അർത്ഥവും മാധുര്യവും സംഗീതവും എല്ലാം ഒന്നിച്ചുമേളിക്കുന്ന താങ്കളുടെ സഹജമായ സത്തയുണ്ട്. ഇനി ആ ഖനിയിൽനിന്ന് മൂല്യത്തെ കണ്ടെത്തി ജീവിക്കുക.'

നമ്മുടെ ജീവിതവും കുറെ അന്വേഷണങ്ങളും കുറെ പരിത്യാഗങ്ങളും ചേർന്ന സമ്മിശ്രമായ ഒരു പ്രതിഭാസമാണ്. സുഖമുള്ളതിനെ നാം സ്വന്തമാക്കി വയ്ക്കുന്നു. ദുഃഖമുള്ളതിനെ നാം ഒഴിവാക്കുന്നു. അങ്ങനെയുള്ള ഈ സാധാരണ ജീവിതത്തിൽ സുഖത്തിന്റെ നിത്യത അനുഭവിക്കാൻ കഴിയുന്ന പ്രജ്ഞാനം നമ്മിൽ ഊറിക്കൂടിയിട്ടില്ല. ആ പ്രജ്ഞാനത്തെ ഉണർത്തിത്തരുന്ന എന്തുകൊണ്ടും മൂല്യവത്തായ ഒരു കൃതിയിലേക്കാണ് നാം ഇറങ്ങിച്ചെല്ലാൻ പോകുന്നത്.

ഗുരു അറുപതോളം കൃതികൾ രചിച്ചിട്ടുണ്ട്. അവയെല്ലാം ഇന്ന് നമുക്ക് ലഭ്യമാണ്. ഈ അറുപത്തിനാലു കൃതികളിൽ ഓരോ കൃതിയ്ക്കും അതിന്റേതായ വ്യത്യസ്തതകളുണ്ട്. വ്യത്യസ്തതകൾ ഉണ്ടായിരിക്കുമ്പോഴും ആ കൃതികളിലൊക്കെ ദർശനത്തിന്റേതായ ഒരു സമാനാധികരണതയുമുണ്ട്. അദ്വൈതദർശനമാണ് ഗുരുവിന്റെ സഹജമായിരിക്കുന്ന കാഴ്ച. ആ സഹജമായിരിക്കുന്ന ദർശനം സ്തോത്രകൃതികളിലൂടെ പ്രകാശിക്കുന്നുണ്ട്. പ്രബോധനാത്മകമായിരിക്കുന്ന കൃതികളിലൂടെ പ്രകാശിക്കുന്നുണ്ട്. അത് ആത്മോപദേശശതകം, ദർശനമാല, അദ്വൈതദീപിക, ബ്രഹ്മവിദ്യാപഞ്ചകം പോലുള്ള ദാർശനികകൃതികളിലൂടെ പ്രകാശിക്കുന്നുണ്ട്. ആ ദർശനം തികച്ചും ഔപനിഷദികമായ ഔന്നത്യത്തിൽത്തന്നെ പ്രകാശിക്കുന്നുണ്ട്. ഉപനിഷത്തുകളിൽ ദർശനം പ്രകാശിക്കുന്നതുപോലെതന്നെയാണ് ആത്മോപദേശശതകത്തിലും ദർശനമാലയിലുമൊക്കെ ഗുരു അദ്വൈതത്തെ മിഴിവാർന്ന തനിമയോടെ അവതരിപ്പിച്ചിരിക്കുന്നത്.



സ്തോത്രകൃതികളിൽ വിനായക സ്തോത്രമുണ്ട്, വിഷ്ണുസ്തോത്രങ്ങളുണ്ട്, ദേവീസ്തോത്രങ്ങളുണ്ട്, ശിവസ്തോത്രങ്ങളുണ്ട്. അതുപോലെതന്നെ സുബ്രഹ്മണ്യസ്തോത്രങ്ങളുമുണ്ട്. അങ്ങനെ സ്തോത്രകൃതികൾ അനേകം ഗുരു എഴുതിയിട്ടുണ്ട്. അത്

ഇത്രമാത്രം പഠിക്കാൻ എന്തിരിക്കുന്നു ? അത് മധുരമായി ചൊല്ലേണ്ടതല്ലേ ? ശബ്ദസൗകുമാര്യത്തേക്കാൾ എന്തിനാണതിന്റെ അർത്ഥമെല്ലാം അറിയാൻ പോകുന്നത് ? ഇത്തരം ചോദ്യങ്ങളൊക്കെ ചിലരിലെങ്കിലും ഉടലെടുക്കാറുണ്ട്.

ശബ്ദത്തിന് അതിന്റേതായ മാധുര്യം ഉണ്ടായിരിക്കുന്നതുപോലെ തന്നെ അർത്ഥത്തിനും മാധുര്യമുണ്ട്. ശബ്ദത്തിനും അർത്ഥത്തിനും ഒരേപോലെ മാധുര്യം അനുഭവിക്കാൻ കഴിയുമ്പോഴാണ് ഗുരുവിന്റെ വചനങ്ങൾ നമ്മുടെ ഉള്ളിൽ പരിവർത്തനങ്ങൾ ഉണ്ടാക്കുന്നത്. അല്ലാത്തപക്ഷമോ ? ശബ്ദത്തിന്റെ മാധുര്യത്തിൽ നമ്മൾ മോഹിച്ചുപോകുന്നു. മധുരമുള്ള ഒരു ഗാനം കേൾക്കുമ്പോൾ നമ്മളതിൽ എങ്ങനെയൊക്കെയോ മോഹിതരായിപ്പോകാറുണ്ട്. അതിൽ ആമഗ്നമായിത്തീരാറുണ്ട്. പക്ഷേ എത്ര നല്ല ശബ്ദങ്ങൾ കേട്ടാലും അന്തക്കരണത്തിൽ വിശുദ്ധി ഉണ്ടാവുകയില്ല. ആ നിമിഷത്തെ നമുക്ക് സന്തുഷ്ടമാക്കാമെന്നല്ലാതെ, ശാശ്വതമായിരിക്കുന്ന സന്തുഷ്ടിയും സമാധാനവും നിർവൃതിയും ജ്ഞാനത്തിലൂടെ മാത്രമേ സംഭവിക്കുകയുള്ളൂ. അതുകൊണ്ടാണ് ശബ്ദമാധുര്യത്തോടൊപ്പംതന്നെ അർത്ഥമാധുര്യവും നമ്മുടെ ഉള്ളിൽ സംഭവിക്കണമെന്നു പറയുന്നത്.

എന്ത് കേൾക്കുമ്പോഴും എന്താണ് അതിന്റെ അർത്ഥമെന്ന് വിചാരം ചെയ്യുന്ന ഒരു ഉള്ളുണർവ് നമുക്കുണ്ടാകണം. അല്ലെങ്കിലോ ? അല്ലെങ്കിൽ ശബ്ദങ്ങളെല്ലാം വെറും മായാവ്യാമോഹങ്ങളെ സൃഷ്ടിച്ച് കടന്നുപോവുക മാത്രമേ ചെയ്യുകയുള്ളൂ. ജനനീ നവരത്നമഞ്ജരി എന്ന കൃതിയും അങ്ങനെ അർത്ഥമറിയാതെ ചൊല്ലിക്കൊണ്ടിരിക്കുകയാണെങ്കിൽ കുറേനാൾ കഴിയുമ്പോഴും നമ്മുടെ ഉള്ളിൽ വേണ്ടുന്ന മാറ്റങ്ങളൊന്നും സംഭവിക്കാതെ അത് വെറും ശബ്ദജാലമായി മാത്രമേ നിലകൊള്ളുകയുള്ളൂ. എന്നാൽ അതല്ല ഗുരു നമ്മളിൽനിന്നും പ്രതീക്ഷിക്കുന്നത്.

ഗുരു നമ്മെ സാംസാരികജീവിതത്തിന്റെ, സാമൂഹികജീവിതത്തിന്റെ ബന്ധനങ്ങളിൽനിന്നും വിമുക്തരാക്കി ആനന്ദത്തിന്റെ പാരമ്യത്തിലേക്ക് ആനയിക്കാനാണ് ഇങ്ങനെയുള്ള കൃതികൾ എഴുതിത്തന്നിരിക്കുന്നത്. വീണ്ടും ബന്ധനത്തിൽതന്നെയാണ് നമ്മൾ കിടക്കാൻ ആഗ്രഹിക്കുന്നതെങ്കിലോ? അപ്പോൾ ഗുരുവിന്റെ ജീവിതത്തിന് എന്തർത്ഥമാണുള്ളത്? ഗുരുവിന്റെ ജീവിതത്തിന് എന്ത് ധന്യതയാണുള്ളത്?

അതുകൊണ്ട് ഗുരുവിനെ നമ്മൾ മനസ്സിലാക്കുമ്പോഴും പഠിക്കുമ്പോഴും ഗുരു പറഞ്ഞുതന്നിട്ടുള്ള അർത്ഥത്തിന്റെ തലം വിചിന്തനം ചെയ്ത് അതിന്റെ പ്രയോജനം അനുഭവിക്കാൻ കഴിയണം. അത് ആത്മാവിനെ അറിയുമ്പോഴുണ്ടാകുന്ന നിർവൃതിയാണ്. സാംസാരികദുഃഖത്തിൽനിന്നുള്ള പൂർണ്ണമായ മുക്തിയാണ്.

(തുടരും)

മീരാഭജൻ

അഷിത



# ഗോവർധനഗിരിധര വന്ദനം

ഓ! മനസ്സേ,
മുവ്വിധമുള്ള ആധികളും തീർത്തുതരുന്ന
താമരപോൽ ചാരുതയാർന്ന
മൃദുവും കുളിർമ്മയേകുന്നവയുമായ
ഹരിയുടെ തൃപ്പാദപൂജ നടത്തുക.
പ്രഹ്ലാദൻ തൃപ്പാദങ്ങളെ ശരണം പ്രാപിച്ചപ്പോൾ
ഇന്ദ്രസമനായി ഉയർത്തപ്പെട്ടു.
ധ്രുവൻ അവയിൽ ശരണാഗതിയായപ്പോൾ
നിശ്ചലതയുടെ ആധാരലോകത്തേക്ക് നയിക്കപ്പെട്ടു.
വാമനന്റെ വിശുദ്ധരൂപമാർന്ന് അവ
ത്രിലോകങ്ങളും അളന്നെടുത്തു.
കൃഷ്ണൻ ഗോപബാലനായി ലീലയാടിയപ്പോൾ
അവ കാളിയസർപ്പത്തെ മെരുക്കി.
ഇന്ദ്രന്റെ ഗർവ്വഭംഗം നടത്തിയ വേളയിൽ
ഗോവർദ്ധനഗിരിയുടെ ഭാരം
താങ്ങിപ്പോയത് അവയായിരുന്നു.
ദുഷ്ക്കരമായ ഈ സംസാരസാഗരം കടക്കാനുള്ള
വഞ്ചിയാണ് ഗിരിധരൻ.
മീര ആ ഗിരിധരന്റെ ദാസിയാകുന്നു

**പ്രശ്നോത്തരി**

**സ്വാമി സുധി**

പ്രശ്നോത്തരിയിലേക്ക് നിങ്ങളുടെ ദാർശനികവും ആദ്ധ്യാത്മികവുമായ ചോദ്യങ്ങൾ ക്ഷണിക്കുന്നു. ചോദ്യങ്ങൾ നിങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ടതായിരിക്കണം - എഡിറ്റർ.

# അഹങ്കാരത്തിന്റെ അന്ത്യം



ചോദ്യം : എന്താണ് വേദാന്തം ?

ഉത്തരം : അറിവിന്റെ അന്തവും അന്ത്യവുമാണ് വേദാന്തം. അറിവ് അഹങ്കാരമാകുന്നു.അതുകൊണ്ട് വേദാന്തം അഹങ്കാരത്തിന്റെ വിരാമമാണ്. വേദാന്തത്തിൽ അറിവ് അതിന്റെ പൂർണ്ണതയിൽ പ്രകാശിക്കുന്നു. ഭേദങ്ങളൊന്നുമില്ലാതെ. ഈ ഒരു അനുഭവം ഓരോ വ്യക്തിക്കും അവനവനിൽത്തന്നെ കണ്ടെത്താം. ഇതാണ് ജീവിതത്തെ അർത്ഥവത്താക്കുന്നത്.

ചോദ്യം : ജീവിതം ഇങ്ങനെയാണെങ്കിൽപിന്നെ എന്തിനാണ് ഈ മനുഷ്യർ രാപ്പകലില്ലാതെ നെട്ടോട്ടമോടുന്നത് ?

ഉത്തരം : മനുഷ്യൻ ജനിക്കുന്നതും മരിക്കുന്നതും ഒരു മൂഢസങ്കല്പത്തിന്റെ മൂശയിലേക്കാണ്. നമ്മുടെ സമൂഹം നിരവധി അബദ്ധധാരണകളുടെയും അന്ധവിശ്വാസങ്ങളുടെയും ജഡിലസങ്കേതമാണ്. അവിടെ നാട്ടുനടപ്പുകൾക്കും ഗതാനുഗതികത്വത്തിനും ഒപ്പം നടന്നു ശീലിച്ച കുറെ മനുഷ്യർ മാത്രമേയുള്ളൂ. ജീവിതരഹസ്യം അന്വേഷിച്ചറിഞ്ഞ ധീരന്മാരായ വിവേകികൾ വളരെ പരിമിതമാണ്. ചരി

ത്രത്തിൽ ബുദ്ധനോ യേശുവോ ശങ്കരനോ ഗാർഗിയോ മീരയോ അക്കമഹാദേവിയോ അപൂർവ്വമായി മാത്രമേ സംഭവിക്കാറുള്ളൂ. ഇവരുടെ വചസ്സുകളിലേക്കോ ജീവിതത്തിലേക്കോ നമ്മൾ എത്തിനോക്കുകപോലും ചെയ്യാറില്ല. ഇവരുടെ ഭാസുരമായ ആനന്ദാനുഭവത്തെ നമ്മുടെ ജീവിതത്തിൽ സാക്ഷാത്കരിക്കാൻ നമുക്കു സമയവുമില്ല. സമ്പത്തും സന്തോഷവും പുറംലോകത്താണ് നാം തിരയുന്നത്. ആ തിരച്ചിലിൽ ഉണ്ടാകുന്ന വ്യഥകളും വൈഷമ്യങ്ങളും മനുഷ്യനെ കൂടുതൽ കൂടുതൽ ഭ്രാന്തനാക്കുന്നതേയുള്ളൂ. ആത്യന്തികമായി മനുഷ്യനിലെ അജ്ഞാനമാണ് അവനെ ഇങ്ങനെയൊക്കെ ചെയ്യിക്കുന്നത്.

ചോദ്യം : മനുഷ്യനിലെ അജ്ഞാനത്തെ അവൻ തിരിച്ചറിയാത്തതെന്തുകൊണ്ടാണ് ?

ഉത്തരം : ആയിരം പേരുള്ള ഒരു സമൂഹത്തിൽ ആയിരം ആളുകൾക്കും ഭ്രാന്താണെങ്കിൽ ആരാണവരോടു പറയുക, നിങ്ങൾക്കെല്ലാം ഭ്രാന്താണെന്ന്. അതുകൊണ്ട് നമ്മുടെ അജ്ഞാനത്തെ ബോധ്യപ്പെടുത്തിത്തരാൻ ആരും ഇല്ലാത്തതുകൊണ്ടാണ് വീണ്ടും വീണ്ടും ഈ വിഢിത്തങ്ങളിലൂടെ നാം ജീവിച്ചുപോകുന്നത്.

ചോദ്യം : ലോകത്തിന് ഇതിൽനിന്ന് എന്നെങ്കിലും മാറ്റം ഉണ്ടാകുമോ ?

ഉത്തരം : ലോകത്തിന് മാറ്റമുണ്ടായതിനുശേഷം നമുക്ക് മാറാം എന്നുള്ളത് ഒരു മുട്ടാപ്പോക്ക് ന്യായമാണ്. നാം മാറുന്നതിലൂടെയാണ് ലോകം മാറുന്നത്. നമുക്ക് സത്യമാണെന്നു തോന്നുന്ന കാര്യം ആത്മാർത്ഥതയോടെ നമുക്ക് ജീവിക്കാൻ കഴിയണം. നിങ്ങൾ ലോകത്തെക്കുറിച്ച് ആശങ്കപ്പെടേണ്ട. നിങ്ങളിലെ ലൗകികതയെ ഇല്ലാതാക്കിയാൽ മതി. ബാഹ്യദൃഷ്ടികൊണ്ട് കാര്യങ്ങളെ നോക്കിക്കാണാതെ ഉള്ളിലേക്കു തിരിഞ്ഞ് എല്ലാം മനസ്സിലാക്കൂ. വേദാന്തം അതുകൊണ്ട് സാമൂഹികമായ ഒരു വിപ്ലവത്തെയല്ല മുന്നോട്ടുവയ്ക്കുന്നത്. വ്യക്തിഗതമായ വിപ്ലവത്തെയാണ്.

ചോദ്യം : അപ്പോൾ സ്വാമിജി ഏകലോകത്തെക്കുറിച്ചു പറയുന്നതോ ?

ഉത്തരം : ഏകലോകം സാമൂഹികമായ ഒരു പുനഃസൃഷ്ടിയല്ല. നമ്മുടെ ലോകം നാം സൃഷ്ടിക്കുന്നതാണ്. നമ്മിലെ അനേകതകളിൽനിന്നാണ് നമ്മിൽ അനൈക്യം ഉണ്ടാകുന്നത്. അനേകത്തിൽനിന്ന് ഏകത്തിലേക്കുള്ള യാത്രയുടെ തുടക്കവും ഒടുക്കവും നമ്മിൽതന്നെയാണ്. വേദാന്തം ആ യാത്രയുടെ അന്ത്യമാണ്. ലോകം ഏകമായി പ്രകാശിക്കുന്നത് നിങ്ങളുടെ ഉണ്മയിലാണ്. ആത്മാവിലാണ്. അതിനു നിങ്ങൾ തടസ്സങ്ങൾ സൃഷ്ടിക്കാതിരുന്നാൽ മാത്രം മതി. എല്ലാ തടസ്സങ്ങളും അഹങ്കാരത്തിന്റെ ഇടപെടലുകളാണ്.

ചോദ്യം : ഇന്നത്തെ വിദ്യാഭ്യാസത്തിൽ ഇങ്ങനെയുള്ള കാര്യങ്ങളൊന്നും പറഞ്ഞുതരുന്നില്ലല്ലോ ?

ഉത്തരം : ഇന്നത്തെ വിദ്യാഭ്യാസം സാമ്പത്തികസമാർജ്ജനത്തിനും സാമൂഹികാംഗീകാരങ്ങൾക്കും മാത്രം ഉള്ളതാണ്. അത് ജീവിതത്തിന്റെ പൊരുളിലേക്കു നിങ്ങളെ നയിക്കുന്നില്ല. വെട്ടിമുറിക്കപ്പെട്ട കുറേ അറിവുകൾ, നിങ്ങളുടെ ഓർമ്മയിലേക്ക് നിർബന്ധപൂർവ്വം അടിച്ചേൽപ്പിക്കുന്നു. ഈ അറിവുകളിൽനിന്നുള്ള മോചനത്തിനുവേണ്ടിയുള്ള ത്വരയാണ് ഇന്ന് മനുഷ്യന്റെ അസ്വാസ്ഥ്യങ്ങളായി പ്രകടമാകുന്നത്. വിദ്യാഭ്യാസത്തിലെ മൂല്യവത്തായ അടിത്തറ നമുക്ക് നഷ്ടപ്പെട്ടിട്ടു കാലങ്ങൾ കുറെയായി. ആ മൂല്യവത്തായ അടിത്തറയെ നിങ്ങളിൽ പ്രകാശിപ്പിക്കാനാണ് സ്കൂൾ ഓഫ് വേദാന്ത ആരംഭിക്കുന്നത്.

ചോദ്യം : രാഷ്ട്രീയക്കാർക്കും ഭരണകൂടത്തിനും മനുഷ്യന്റെ അജ്ഞാന നിർമ്മാർജ്ജനത്തിൽ എന്തെങ്കിലും ചെയ്യാൻ കഴിയുമോ ?

ഉത്തരം : വ്യക്തിഗതമായ അന്വേഷണങ്ങളൊന്നുംതന്നെ രാഷ്ട്രീയമനസ്സിനു ചേരുന്നതല്ല. ഒരു രാഷ്ട്രീയക്കാരൻ മനുഷ്യനെ കാണുന്നത് ഗുണപരമായല്ല (qualitative) മാത്രാപരമായാണ് (quantitative). ഒരു മനുഷ്യനെന്നാൽ ഒരു വോട്ട് എന്നാണർത്ഥം. ആ വോട്ടിനെ തന്റെ പക്ഷത്തേക്കാക്കുവാൻ ഭരണപക്ഷവും പ്രതിപക്ഷവും ശ്രമിക്കുന്നു. അതിൽക്കൂടുതലൊന്നും ഒരു രാഷ്ട്രീക്കാരനും മനുഷ്യനോടു പ്രതിബദ്ധതയില്ല. രാഷ്ട്രീയമൂല്യങ്ങളിൽ ഈ ശോഷണം സംഭവിച്ചിട്ട് കാലങ്ങൾ ഒത്തിരിയായി. പ്രശ്നങ്ങൾക്ക് ഭാരതീയമെന്നോ പാശ്ചാത്യമെന്നോ ഉള്ള വിഭാഗീയതകൾ ഒന്നും തന്നെയില്ല. എല്ലായിടത്തും രാഷ്ട്രീയം ഒരുപോലെതന്നെ.

ചോദ്യം : ആധുനികശാസ്ത്രത്തിനു മനുഷ്യന്റെ ആത്യന്തികപ്രശ്നങ്ങൾക്ക് എന്തെങ്കിലും പരിഹാരം നൽകാൻ കഴിയുമോ ?

ഉത്തരം : ആധുനികശാസ്ത്രം ഇന്നൊരു സമ്മൂഢാവസ്ഥയിലാണ് (confusion). വിനാശകമായ ശക്തിയാൽ പ്രേരിതമായാണ് ഓരോ ശാസ്ത്രത്ജ്ഞനും കണ്ടെത്തലുകൾ നടത്തുന്നത്. അതുകൊണ്ട് ശാസ്ത്രത്തിന്റെ നേട്ടങ്ങളെയെല്ലാം യുദ്ധതന്ത്രങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്കാണ് ഉപയോഗിക്കുന്നത്. അത് ശാസ്ത്രത്തിന്റെ മൗലികമായ പാപ്പരത്തമാണ്. മനുഷ്യജീവിതത്തിന്റെ ആത്യന്തികമായ ശാന്തിയും സുഖവും ശാസ്ത്രത്തിനു വാഗ്ദാനം ചെയ്യാനാവുന്നില്ല.

വാസ്തവത്തിൽ ആധുനികശാസ്ത്രവും സാങ്കേതികവിദ്യയും ഒരുപാട് വികസിച്ചതായി നമുക്ക് കാണാമെങ്കിലും ആ വികാസത്തോളംതന്നെ സമാധാനവും സ്വാസ്ഥ്യവും അത് നമുക്കു നൽകുന്നുണ്ടോ ? ഇല്ലായെന്ന് പ്രകടമായിത്തന്നെ നമുക്ക് പറയാൻ കഴിയും. മാത്രമല്ല, ശാസ്ത്രത്തിന്റെ ഗതിയും വികാസവും പ്രകൃതിയുടെ സ്വാച്ഛന്ദ്യത്തിന് വിഘ്നം വരു

ത്തിയിട്ടുണ്ട്. വ്യഷ്ടിയിലും സമഷ്ടിയിലും ഈ താളഭംഗങ്ങൾ സൃഷ്ടിച്ച ക്രമരഹിതജീവിതത്തെ ഇപ്പോൾ നാം കണ്ടുവരുന്നു. ഓസോൺപാളികളിൽ വിള്ളലുകൾ കാരണം ജീവനാശകമായ അൾട്രാവൈലറ്റ് രശ്മികൾ ഭൂമിയിൽ പതിച്ചുകൊണ്ടിരിക്കുന്നു. ആർട്ടിക് പ്രദേശങ്ങളിൽ മഞ്ഞുരുകുന്നു. പുൽമേടുകളെല്ലാം മരുഭൂമികളായിക്കൊണ്ടിരിക്കുന്നു. നശിച്ചുകൊണ്ടിരിക്കുന്ന കടലിലെ മത്സ്യസമ്പത്തുകൾ, ചുരുങ്ങിക്കൊണ്ടിരിക്കുന്ന വനങ്ങളുടെ വ്യാപ്തി, ഒലിച്ചുപോകുന്ന മേൽമണ്ണുകൾ, ഉയർന്നുകൊണ്ടിരിക്കുന്ന താപനില, കടലിലെ ഉയരുന്ന ജലവിതാനം, മരിച്ചുകൊണ്ടിരിക്കുന്ന പവിഴപ്പുറ്റുകൾ, വംശനാശം വന്നുകൊണ്ടിരിക്കുന്ന ജീവികൾ, ഇവയെ എല്ലാം മനുഷ്യന്റെ ഒടുങ്ങാത്ത വിഷയത്വരക്കു മുമ്പിൽ കാണാതെ പോകുന്നുണ്ട്. ആധുനികശാസ്ത്രം നേട്ടത്തേക്കാൾക്കൂടുതൽ കോട്ടങ്ങളാണ് മാനവികതയ്ക്കും ജൈവികതയ്ക്കും വരുത്തിവച്ചിട്ടുള്ളത്.

ചോദ്യം : സമഗ്രമല്ലാത്ത ദർശനങ്ങളും പ്രത്യയശാസ്ത്രങ്ങളും മാത്രമായിരുന്നോ ചരിത്രത്തിൽ ഇതുവരെ ഉണ്ടായിട്ടുള്ളത് ?

ഉത്തരം : ദർശനത്തേയോ പ്രത്യയശാസ്ത്രത്തേയോ പൂർണമെന്നോ അപൂർണമെന്നോ വിലയിരുത്തുവാൻ കഴിയുകയില്ല. അനുഭവസ്ഥനായ ഒരാൾക്കുമാത്രമേ സത്യസന്ധമായ വാക്ക് പറയാൻ കഴിയുകയുള്ളൂ. ആ വാക്ക് ശാസ്ത്രീയമാണ്. ആ വാക്കിന്റെ പൊരുൾ നമ്മൾ അന്വേഷിക്കുമ്പോഴാണ് നമ്മിലേക്ക് അത് അനുഭവമായിത്തീരുന്നത്. ദർശനവും ശാസ്ത്രവുമെല്ലാം ഓരോ വ്യക്തിയിലുമാണ് പൂർണത പ്രാപിക്കേണ്ടത്. വ്യക്തിയാണ് പൂർണനും അപൂർണനും. ശാസ്ത്രമല്ല.

ചോദ്യം : അപ്പോൾപിന്നെ പല ആളുകളും ചില മതഗ്രന്ഥങ്ങളെ നിന്ദിക്കുകയും ചിലതിനെ പുകഴ്ത്തിപ്പറയുന്നതും എന്തുകൊണ്ടാണ് ?

ഉത്തരം : മനുഷ്യൻ എന്തിനോടെങ്കിലും കൂറുവച്ചു പുലർത്തുന്നത് രോഗാതുരമായ അവന്റെ ജീവിതത്തിന്റെ ഭാഗമാണ്. സ്വമതസ്തുതിയും പരമതനിന്ദയും ഒരേ സംഭവത്തിന്റെ രണ്ടു പുറങ്ങളാണ്. നമ്മുടെ മതത്തിൽ വിശ്വാസമേറുമ്പോൾ വേറൊരുവന്റെ മതത്തിൽ നമുക്ക് അവിശ്വാസവും വിരോധവും ഉടലെടുക്കുന്നു. വേദാന്തം വിശ്വാസത്തിന്റേയോ വിരോധത്തിന്റേയോ മതമല്ല. അത് സ്വയംബോധ്യതയുടെ തെളിവാണ്. അത് നിങ്ങളോട് വിശ്വസിക്കുവാനോ വെറുക്കുവാനോ ഒന്നും പറയുന്നില്ല. നിങ്ങളുടെ ഉണ്മയുടെ ആഴം അറിയുവാൻ മാത്രമേ പറയുന്നുള്ളൂ. ആഴം അറിഞ്ഞവന് ഒന്നും തന്നിൽനിന്ന് വേറെയല്ല എന്നു ബോധ്യപ്പെടും. ഒരു സത്തയുടെ തന്നെ നാനാവിധമായ സ്ഫുരണങ്ങളാണ് ഈ പ്രപഞ്ചമെന്ന് അവൻ സുവ്യക്തമായി അറിയുന്നു. അതുകൊണ്ട് വേദാന്തം സ്വാനുഭവത്തിന്റെ

തീരുമാനമാണ്. സ്വാനുഭവമില്ലാത്തവർ തർക്കിക്കുകയും വാദിക്കുകയും ഒക്കെ ചെയ്യുന്നു. അവരെ അവരുടെ പാട്ടിനു വിട്ടുകൊള്ളൂ.

ചോദ്യം : നാരായണഗുരു ഇതിനെക്കുറിച്ച് എന്തെങ്കിലുമൊക്കെ പറഞ്ഞിട്ടുണ്ടോ ?

ഉത്തരം : നാരായണഗുരു ഇതിനെക്കുറിച്ച് എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ എന്നന്വേഷിച്ചത് വളരെ ഉചിതമായി. അല്ലെങ്കിൽ ഗുരു പറഞ്ഞതിനെക്കുറിച്ച് അന്വേഷിക്കുവാനും അറിയുവാനും ആർക്കാണ് താല്പര്യം ? ഗുരു അനുഭവത്തിന്റെ പൂർണതയായിരുന്നു. അതുകൊണ്ട് ഗുരുവിന്റെ ഓരോ വാക്കും സർവത്തിനും ഹിതം ചെയ്യുന്നതാണ്. എല്ലാ ജീവികളും ഒരുപോലെ സുഖം ആഗ്രഹിക്കുന്നു. ഇത് തർക്കമറ്റ സംഗതിയാണ്. ആ സുഖത്തിന് ശാശ്വതത്വം നൽകാനുള്ള ശ്രമങ്ങൾ എല്ലാ കാലങ്ങളിലും ഉണ്ടായിട്ടുണ്ട്. അതിലേക്കുള്ള ചൂണ്ടുപലകകളാണ് മതങ്ങൾ. അതുകൊണ്ടാണ് ഗുരു എല്ലാ മതങ്ങളുടേയും സാരം ഒന്നാണെന്ന് ഊന്നൽ കൊടുക്കുന്നത്.

(തുടരും)

# നിത്യനികേതനത്തിൽ കുട്ടികളെ എഴുത്തിനിരുത്തുന്നു

ഒക്ടോബർ ഒമ്പതാം തീയതി രാവിലെ 9.00 മണിക്ക് വിജയദശമി നാളിൽ സ്വാമി സുധി ചൈതന്യ നിത്യനികേതനത്തിൽവച്ച് കുട്ടികളെ എഴുത്തിനിരുത്തുന്നതാണ്. അന്നേദിവസം രാവിലെ കുട്ടികളെ എഴുതിക്കുവാൻ താല്പര്യമുള്ള രക്ഷിതാക്കൾ രാവിലെ ഒമ്പതു മണിക്കുതന്നെ ആശ്രമത്തിൽ കുട്ടികളുമായി എത്തിച്ചേരേണ്ടതാണ്. ഫോണിലൂടെ വിളിച്ച് അറിയിക്കുകയാണെങ്കിൽ കൂടുതൽ സൗകര്യമായിരിക്കും. അന്നുതന്നെ പതിനൊന്നുമണിക്ക് **ഭാരതീയജ്ഞാനപാരമ്പര്യം** എന്ന വിഷയത്തെ ആസ്പദമാക്കി സ്വാമി സുധിയുടെ പ്രഭാഷണം ഉണ്ടായിരിക്കും. അതിനുശേഷം ഗുരുരാഗം മാസികയുടെ പ്രസക്തിയെക്കുറിച്ച് അഭ്യുദയകാംക്ഷികളുടെ ചർച്ചായോഗം ഉണ്ടായിരിക്കും. ഫോൺ: 9745947040

സ്വാമി ആത്മജ്ഞാനാനന്ദ

# ശീർഷാസനം



ആസനം എന്നാൽ ഒരു പ്രത്യേകതരത്തിൽ ശരീരത്തെ സൈ്ഥര്യതയോടെയും സുഖകരമായും പ്രതിഷ്ഠിച്ചു നിർത്തുന്നതിനെയാണ്. അപ്പോൾ ശ്രദ്ധിക്കേണ്ട പല കാര്യങ്ങളുണ്ട്. പ്രാണന്റെ നില, മനസ്സിന്റെ നില, അവയെല്ലാം ശരീരത്തിന്റെ നിലയോട് ഐകാത്മ്യപ്പെട്ടിരിക്കണം. ശീർഷം എന്നാൽ തല. അപ്പോൾ ശീർഷാസനം എന്നു പറയുന്നത് തലകുത്തിയുള്ള നിലയാണ്. നമ്മൾ രണ്ടു കാലും നിലത്തൂന്നി തല ഉയർത്തിപ്പിടിച്ച് 'ഹമ്പട ഞാനേ' എന്ന ഭാവത്തിൽ നടക്കുന്നവരാണ്. അതുകൊണ്ട് കാലുപൊക്കി തലകുനിക്കുമ്പോൾതന്നെ മനുഷ്യനിൽ ഒരു ഭാവപരിണാമം വരും. കാഴ്ചകളുടെ സ്വഭാവം മാറും. ഇത് ശീർഷാസനത്തിന്റെ മനഃശാസ്ത്രപരമായ വശം.

ശീർഷാസനത്തെ 'ആസനരാജനാ'യിട്ടാണ് കണക്കാക്കുന്നത്. ഈ ആസനം പരിശീലിക്കുന്നതിലൂടെ ശാരീരികവും ആദ്ധ്യാത്മികവുമായ നേട്ടങ്ങൾ നിങ്ങൾക്ക് കൈവരിക്കാം. 'കപാല്യാസനം' എന്നും ശീർഷാസനത്തിന് പേരുണ്ട്. ശരീരത്തെ അയവു വരുത്തുന്ന കുറച്ച് ആസനങ്ങൾ ചെയ്തതിനു ശേഷം മാത്രമേ ഇതു ചെയ്യാവൂ.

### ചെയ്യേണ്ട വിധം:

തറയിൽ സാമാന്യം കട്ടിയുള്ള ഒരു വിരിപ്പ് വിരിക്കുക. അതിൽ തല കുത്തി നിർത്തുന്ന ഭാഗത്ത് ചെറിയൊരു വിരിപ്പുകൂടി വിരിക്കുക.

കാരണം ശരീരത്തിന്റെ മുഴുവൻ ഭാരവും തലകൊണ്ടുവേണം താങ്ങാൻ.

മുട്ടു കുത്തിയിരിക്കുക. കൈവിരലുകൾ പരസ്പരം കോർത്തുപിടിച്ച് തറയിൽ വയ്ക്കുക. കൈമുട്ടു മുതൽ കൈപ്പത്തിവരെയുള്ള ഭാഗം തറയിൽ ഊന്നിയിരിക്കണം. എന്തെന്നാൽ നിലത്തൂന്നിയ കൈത്തണ്ടയും വിരലുകൾ ചേർത്തുപിടിച്ച ബന്ധനവുംകൊണ്ടു വേണം അല്പാല്പമായി ശരീരത്തെ താങ്ങി ഉയർത്താൻ.

ഇനി തല കൈപ്പത്തിയോടു ചേർന്ന് വിരിപ്പിൽ പതുക്കെ കുത്തി നിർത്തുക. കാൽമുട്ടുകൾ നിവർത്തി പാദങ്ങളെ ശരീരത്തോട് അടുപ്പിക്കുക. കാൽവിരലുകൾ നിലത്തൂന്നിത്തന്നെ ഇരിക്കട്ടെ. ഈ നിലയിൽനിന്ന് സാവധാനം കാൽവിരലുകളെ തറയിൽനിന്ന് അല്പാല്പമായി പൊക്കുക. മൂന്നു നാലു പ്രാവശ്യം ചെയ്യുമ്പോൾ ശരീരത്തെ വീഴാതെ നിർത്തുവാനുള്ള സംതുലിതാവസ്ഥ നിങ്ങൾക്ക് കിട്ടുന്നതാണ്.

അങ്ങനെ കാലുകൾ രണ്ടും ചേർത്തുപിടിച്ചുകൊണ്ട് കുത്തനെ ഉയർത്തിനിർത്തുവാൻ നമുക്കു കഴിയും. ആദ്യം കുറച്ചു സെക്കന്റുകൾ മാത്രം ഈ നിലയിൽ നിൽക്കുക, പിന്നീട് അരമണിക്കൂറെങ്കിലും ഈ ആസനത്തിൽ നിൽക്കാൻ പഠിക്കുക. കാലുകളെ താഴേക്ക് കൊണ്ടുവരുമ്പോൾ തിടുക്കം കൂടാതെ പടിപടിയായി കാൽമുട്ടുകൾ വളച്ച് പാദങ്ങളെ നിലത്തേക്ക് കൊണ്ടുവരിക.

ഏതെങ്കിലും ഒരു ചുമരിന്റെ സഹായത്തോടെ ഈ ആസനം നിങ്ങൾക്ക് പരിശീലിച്ച് പഠിക്കാവുന്നതാണ്. മുറിയുടെ ഒരു മൂലയിൽ കൈപ്പത്തികൾ ഊന്നി ചുമരിന്റെ താങ്ങോടുകൂടി കാലുകളെ പതുക്കെ പതുക്കെ മുകളിലേക്ക് ഉയർത്തി ചുമരിന്റെ താങ്ങോടുകൂടി നിൽക്കുക. ക്രമേണ ചുമരിൽനിന്നും കാലിനെ അടർത്തിമാറ്റി സ്വതന്ത്രമായി നിലയുറപ്പിക്കാൻ പരിശീലിക്കുക. ഒരു സുഹൃത്തിന്റെ സഹായം വേണമെങ്കിൽ തേടാം. ഇതെല്ലാം ആദ്യഘട്ടങ്ങളിൽ മാത്രമേ ആവശ്യം വരികയുള്ളൂ. ശീർഷാസനം ചെയ്യുമ്പോൾ മൂക്കിലൂടെ മാത്രം ശ്വസിക്കുക. വായിലൂടെ പാടില്ല. തുടക്കത്തിൽ അല്പം ബുദ്ധിമുട്ട് തോന്നിയേക്കാം. പിന്നീടത് സുഗമമമായിക്കൊള്ളും. ഈ ആസനത്തിൽ പ്രതിഷ്ഠ ലഭിക്കുമ്പോൾ കൈവിരലുകളെ ചേർത്തുണ്ടാക്കിയ ബന്ധനം മാറ്റി കൈപ്പത്തികൾ തറയിൽ ഊന്നി നിൽക്കാവുന്നതുമാണ്. ഈ ആസനം കഴിഞ്ഞാൽ കുറച്ചുനേരം നിവർന്നു നിന്ന് വിശ്രമിക്കുക. ഇതിലൂടെ രക്തചംക്രമണം സമീകരിക്കപ്പെടും.

## ഫലങ്ങൾ:

മസ്തിഷ്ക്കത്തിലേക്ക് ആവശ്യാനുസരണം ശുദ്ധരക്തം ലഭിക്കുന്നു. കണ്ണ്, ചെവി, തൊണ്ട, മൂക്ക് എന്നീ അവയവങ്ങളെല്ലാം രോഗവിമുക്തമാകുന്നു. വെരിക്കോസ് വെയിൻ ഉള്ള ആളുകൾക്ക് ഇതൊരു നല്ല ചികിത്സയാണ്. ഓർമ്മ വർദ്ധിക്കുന്നു. വന്ധ്യത മാറുന്നു.

അഭിമുഖം

പ്രവീൺ വി. പി



# നെരൂദയുടെ നാട്ടിൽനിന്നും ആത്മീയതയുടെ സംഗീതവും പേറി



തീമലകളുടെ ഊഷരമായ ഓർമ്മയും നെരൂദയുടെ കാവ്യഗന്ധവുംപേറി ചിലിയിൽനിന്നും ഒരു സത്യജിജ്ഞാസു നിത്യനികേതനത്തിലെത്തി. യോഗിവര്യനായ നാരായണഗുരുവിന്റെ ദർശനത്തെ സ്പർശിച്ചറിയാനാണ് അദ്ദേഹം ഇവിടെ വന്നത്. പാഞ്ചോ ഉഗാർത്തേ ആൻഡ്രൂ ഒരു ഗായകനാണ്. ആത്മാവിഷ്ക്കാരത്തിന്റെ തീവ്രതയിൽ അദ്ദേഹം ഗാനങ്ങൾ ആലപിക്കുമ്പോൾ അത് ചിലിയൻ നാടോടിഗാനങ്ങളോ സ്പാനിഷ് ഗീതങ്ങളോ ഭജനുകളോ സംസ്കൃതമന്ത്രങ്ങളോ ആവട്ടെ, കണ്ണാടിത്തെളിച്ചമുള്ള മൗനത്തിൽ ആത്മീയതയുടെ ധ്യാനമുഖം തെളിക്കുവാനുള്ള ഭാവം അദ്ദേഹത്തിന് ആവാഹിക്കാനാവുന്നു.

ഒരു പരിവ്രാജകന്റേതുമാത്രമായ ആകസ്മികതകൾ അദ്ദേഹത്തിനു വഴികാട്ടിയാകുമ്പോഴും ഒരു മഹാഗുരുവിന്റെ കരുണാർദ്രമായ മുഖം അദ്ദേഹത്തെ കേരളത്തിലെ ഒരുൾനാടൻ ഗ്രാമത്തിലെ ആശ്രമത്തിലെത്തിച്ചു. അദ്ദേഹത്തിന്റെ അനുഭവം പങ്കുവയ്ക്കൽ അദ്ദേഹത്തിന്റെ ഗാനാലാപനം പോലെ സംഗീതസാന്ദ്രമാണ്.

ചോ: പാഞ്ചോ, താങ്കൾ ഒരു സാധകനാണ്, ഒരു ഗായകനും കൂടിയാണ്. താങ്കളിൽ കർമ്മവും ആത്മീ

യതയും സമന്വയിക്കുന്നതിന്റെ വിശുദ്ധി താങ്കളുടെ സാമീപ്യത്തിൽ അനുഭവിക്കാനാകും. ഇത് താങ്കളിലെ ആത്മീയതയേയും ഗായകനേയും കുറിച്ച് കൂടുതലറിയാൻ പ്രേരിപ്പിക്കുന്നു?

ഉ: തീർച്ചയായും. ആത്മീയ ജീവിതത്തെക്കുറിച്ചു പറഞ്ഞുതുടങ്ങാം. എനിക്ക് വളരെ ചെറുതിലേതന്നെ ആത്മീയതയോട് ആഭിമുഖ്യം തോന്നിത്തുടങ്ങിയിരുന്നു. ഏകദ്ദേശം ഒൻപതു വയസ്സായപ്പോൾതന്നെ ജീവിതത്തിനു എന്തൊക്കെയോ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെന്ന് എനിക്ക് തോന്നിത്തുടങ്ങി. പിന്നീട് വളരുന്തോറും ആത്മീയമായ വിശുദ്ധി നേടുന്നതിനെക്കുറിച്ചും ജീവിതത്തിന്റെ അർത്ഥത്തെക്കുറിച്ചുമുള്ള ചിന്തകൾ ഏറിവന്നു.

വർഷങ്ങൾക്കുശേഷം അതെന്നെ എത്തിച്ചത് യോഗയിലേക്കാണ്. യോഗ അഭ്യസിക്കുന്നതിലൂടെ എന്നിലുണ്ടായ പരിവർത്തനം എന്നെ കൂടുതൽ സാധനകളിലേക്ക് നയിച്ചു. അതോടെ എത്രത്തോളം സാധനകളിൽ നിഷ്ഠയുണ്ടോ അത്രത്തോളം സ്വച്ഛത ജീവിതത്തിനുണ്ടാകുന്നു എന്നെനിക്ക് ബോധ്യമായി. ചിലിയിൽപോലും ആത്മീയമായ ജീവിതത്തിന് പറ്റിയ ഇടങ്ങൾ കണ്ടെത്താൻ എനിക്ക് അനായാസം സാധിച്ചു. അതെന്റെ വളർച്ചയെ ഏറെ സഹായിച്ചു.

സംഗീതത്തെക്കുറിച്ച് ചോദിച്ചിരുന്നല്ലോ. നമ്മുടെ ആത്മവിസ്തൃതി കൂടുന്നതിനനുസരിച്ച് നമ്മുടെ ജീവിതം മാറിമറിയും. അന്നുവരെ ആസ്വദിച്ച പലതും നമുക്ക് ആസ്വാദ്യമല്ലാതാവും. പുതിയ പലതും നമ്മുടെ ആസ്വാദനത്തിന്റെ ഭാഗമാകും.

നിങ്ങൾ നീനാ ഹേഗനെക്കുറിച്ച് കേട്ടിട്ടുണ്ടോ? അവരൊരു ഹെവി മെറ്റൽ സിംഗറായിരുന്നു.ഒരുതരം ആസുരസംഗീതം. പിന്നീടവർ ചുവടു മാറ്റി. സ്വച്ഛസംഗീതത്തിലേക്ക്, കൂടുതൽ പ്രാർത്ഥനാനിർഭരമായ സംഗീതത്തിലേക്ക് അവർ മാറി. ഒരു ലാറ്റിനമേരിക്കൻ രാജ്യത്തുനിന്നുള്ള ആളായതിനാൽ എനിക്കും സംഗീതത്തിലൂടെ, ജീവിതത്തിനനുരൂപമായ രൂപാന്തരണങ്ങളിലൂടെ കടന്നുപോകേണ്ടിയിരുന്നു. നമ്മുടെ കേൾവി, കാഴ്ച, ആവിഷ്ക്കാരം എല്ലാം ഒരു രൂപാന്തരത്തിന് വിധേയമായതിനുശേഷം ഒരു ഗായകനായിരിക്കുക എന്നത് വിശേഷമായ ഒരനുഭവമാണ്.

ആവിഷ്ക്കാരത്തിന്റെ സായുജ്യം സംഗീതത്തിലൂടെ നുകരുക എന്നത് ഒരു ഭാഗ്യമാണ്. അപ്പോൾ നിങ്ങൾ പാടുന്നത് നിങ്ങൾക്കുവേണ്ടിത്തന്നെയാണ്. നിങ്ങളുടെ ദൈവികതയ്ക്കുവേണ്ടിയാണ്. അങ്ങനെ പാടുമ്പോൾ നിങ്ങൾ ദൈവസന്നിധിയിലേക്കുള്ള അകലം കുറയുന്നതായിട്ടറിയുന്നു. ദൈവസവിധത്തിലേക്കുള്ള യാത്ര നിങ്ങളെ കൂടുതൽ വിനയാന്വിതനാക്കും.

ഗായകർക്ക് ആശങ്കകൾ സൃഷ്ടിക്കുന്നത് പണം, പ്രശസ്തി, എന്നീ

കാര്യങ്ങളെക്കുറിച്ചൊക്കെ ചിന്തിക്കുമ്പോഴാണ്. അങ്ങനെയുള്ള ഗായകനായിരിക്കുമ്പോൾ നിങ്ങളുടെ ഗാനം ഇമ്പമുള്ളതായിരിക്കുമെങ്കിലും അവ സാത്വികമായിരിക്കില്ല. പക്ഷേ, നിങ്ങളുടെ ഹൃദയം ദൈവത്തോട് ചേർത്തുവയ്ക്കുകയാണെങ്കിൽ നിങ്ങളെ പാടാൻ പ്രേരിപ്പിക്കുന്നതിന് കാരണങ്ങളുണ്ടാകില്ല. ആ സംഗീതം കൂടുതൽ സാത്വികമായിരിക്കുന്നതും സ്വാഭാവികം മാത്രം.

ചോ: മാതൃരാജ്യമായ ചിലിയിൽ അന്വേഷണവഴികളിൽ താങ്കളെ സഹായിക്കുവാൻ ആരെങ്കിലുമുണ്ടായിരുന്നോ?

ഉ: ഒത്തിരിപ്പേർ എന്നെ സഹായിച്ചിട്ടുണ്ട്. അവരെല്ലാവരും ചേർന്ന് എന്റെ ഗുരുവെന്ന് വേണമെങ്കിൽ പറയാം. അങ്ങനെ കരുതുമ്പോൾ തെരുവോരത്തു നിന്നുപോലും എനിക്കു ഗുരുവിനെ കണ്ടെത്താനായിട്ടുണ്ട്. ഇന്ന് കാലത്ത് സ്വാമി സുധി അത് സ്പഷ്ടമാക്കിത്തന്നു. ഗുരു ഒരു ശാരീരിക അവസ്ഥയല്ല, ഗുരു ശുദ്ധമായ ബോധമാണ്. പരമമായ ബോധം. അവിടെയാണ് യോഗ എന്തെന്ന് ഞാൻ കൂടുതൽ മനസ്സിലാക്കുന്നത്. യോഗ എന്നാൽ കുറച്ച് ആസനങ്ങളോ പ്രാണയാമമോ ധ്യാനമോ മാത്രമല്ല നിങ്ങളെത്തന്നെ മനസ്സിലാക്കിത്തരുന്ന ഒരു നൈരന്തര്യമാണത്.


പാഞ്ചോയും സ്വാമി സുധിയും കടൽക്കരയിൽ

ചോ: താങ്കളിൽ അതിർത്തികൾക്കപ്പുറത്തേക്കു വളർന്ന ഒരു വ്യക്തിത്വം കാണാനാവുന്നു. അതിന്റെ പൊരുൾ വിശദീകരിക്കാമോ?

ഉ: അതിർത്തികൾ മനുഷ്യമനസ്സിന്റെ സൃഷ്ടിയാണ്. അതിർത്തികൾക്ക് പരിമിതിയുണ്ട്. ആത്മീയതയ്ക്ക് പരിമിതികളില്ല. ഒന്നു പറയാം – ഈ ലോകത്ത് ഒന്നും യാദൃച്ഛികമായി സംഭവിക്കുന്നില്ല. നിങ്ങൾ എവിടെ ജനിക്കുന്നു. എവിടെ ജീവിക്കുന്നു എന്നതൊക്കെ നിങ്ങളുടെ പൂർവ്വകർമ്മങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഞാൻ ചിലിയിൽ ജനിച്ചു എന്നതും പൂർവ്വനിശ്ചിതം തന്നെ.

ഒരന്വേഷകനെന്ന നിലയിൽ അലഞ്ഞുതിരിയേണ്ടി വരുമ്പോൾ നിങ്ങൾ ഏത് രാജ്യക്കാരാണെന്നതുപോലും മറന്നുപോയേക്കാം. പിന്നീട് വിശുദ്ധമായ ആന്തരികത നിങ്ങളിൽ ഇടം പിടിക്കുമ്പോൾ നിങ്ങൾ ജനിച്ച സ്ഥലത്തേക്ക് സംസ്കാരത്തിലേക്ക് എത്തിച്ചേർന്നാലും നിങ്ങൾ പരിമിതികളുള്ള ഒരാളായിരിക്കുകയില്ല.

ചോ: ഒരിക്കൽ കണ്ണാടിയിൽകണ്ട താങ്കളുടെ രൂപം അപരിചിതമാണെന്ന് താങ്കൾ പറയുകയുണ്ടായി. ആ അവസ്ഥ വിശദീകരിക്കാമോ?

ഉ: എനിക്ക് പതിനെട്ടു വയസ്സുള്ള പ്പോൾ ബീച്ചിലെ അപ്പാർട്ടുമെന്റിൽ വച്ചായിരുന്നു അത്. ഞാൻ എഴുന്നേറ്റ് പ്രഭാതകർമ്മങ്ങൾക്കുശേഷം കണ്ണാടിയുടെ മുമ്പിൽ ചെന്നു നോക്കി. അതിൽ പ്രതിബിംബിച്ച രൂപം അപ്പോൾ എനിക്ക് അപരിചിതമായി തോന്നി. കുറച്ചു സമയത്തേക്ക് ഞാൻ അങ്ങനെതന്നെ നിന്നു. ആ സംഭവം ഒരു പാഠം തന്നെയായിരുന്നു. നിങ്ങൾ ഒരു സാക്ഷിയാണ്. നിങ്ങൾ ഒരു ശരീരം മാത്രമല്ല, ശരീരത്തിനുപരിയായ ഒരു സാക്ഷിത്വം നിങ്ങൾക്കുണ്ട്. അവിടെ നിങ്ങൾക്ക് കഴിഞ്ഞകാലമോ വർത്തമാനകാലമോ വരാനിരിക്കുന്ന കാലമോ ഇല്ല. നിങ്ങൾക്ക് നിങ്ങളുടെ രൂപത്തോടുപോലും രാഗമില്ല. അവിടെ സ്വസ്തി എന്തെന്ന് നിങ്ങൾക്കറിയാനാകുന്നു. ഒരു സാക്ഷിയുടെ സ്വാസ്ത്യം നിറഞ്ഞ അവസ്ഥയുടെ കുറച്ചു നിമിഷങ്ങൾ പിന്നീട് പലപ്പോഴും എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്.

ചോ: നിങ്ങളപ്പോൾ മോക്ഷം നേടിയ ഒരാളാണോ?

ഉ: (ചിരിക്കുന്നു) കുറേയേറെ വർഷങ്ങൾക്കുമുമ്പ് എന്റെ അടുത്ത സുഹൃത്ത് എന്നോട് പറഞ്ഞു, താങ്കൾ പല കാര്യങ്ങളിലും ഒരു സ്വതന്ത്രനാണ്, ബന്ധനങ്ങളിൽനിന്നും മുക്തനുമാണ്. ഇങ്ങനെയുള്ള അവസ്ഥ പരിപൂർണ്ണമാവുകയും മോക്ഷം എന്ന ലക്ഷ്യത്തിനനുസരിച്ച ജീവിതം ഈ വിധം തുടരുകയും ചെയ്യുമ്പോൾ അങ്ങനെ സംഭവിക്കാതെ വരില്ലെന്നു ഞാൻ കരുതുന്നു.

ചോ: പാഞ്ചോ, എങ്ങനെയാണ് ഈ ആശ്രമത്തിലെത്തിച്ചേർന്നതെന്നു പറയാമോ?

ഉ: ഞാൻ കേരളത്തിലേക്കു വരുന്നതിനെക്കുറിച്ച് ചിന്തിക്കുകപോലും ചെയ്യുന്നതിനു മുമ്പുണ്ടായ ഒരു സംഭവമുണ്ട്. ഒരിക്കൽ ഞാനൊരു ചൈതന്യവത്തായ ഫോട്ടോ കാണുവാനിടയായി. ഒറ്റക്കാഴ്ചയിൽ അതൊരു യോഗീശ്വരന്റേതാണെന്നു ഞാനുറപ്പിച്ചു.

ഇത്രയ്ക്ക് ദയാപരനായ ആ ഗുരു ആരായിരിക്കും എന്ന അന്വേഷണമായി. അത് നാരായണ ഗുരുവിലാണ് ചെന്നെത്തിയത്. പിന്നീട് നാരായണഗുരുവിനെക്കുറിച്ച് അറിയാനുള്ള ഉചിതമായ സ്ഥലമന്വേഷിക്കുവാൻ തുടങ്ങി. ഈ ആശ്രമത്തെക്കുറിച്ച് ഹിമാലയത്തിൽവച്ച്സ്വാമി സുധിയുടെ ഒരു ശിഷ്യനിൽനിന്നും അറിയാനിടയായി. അങ്ങനെ ഇവിടെ എത്തിച്ചേർന്നു. ശ്രീനാരായണ ഗുരുവിന്റെ ദർശനം സ്വാമി സുധി ചൈതന്യ പകർന്നു തരുമ്പോൾ എന്തെന്നില്ലാത്ത ഒരു ഊർജ്ജപ്രവാഹം എന്നിലുണ്ടാകുന്നു. അത് ധ്യാനത്തിന്റേതു മാത്രമായ ഊർജ്ജമാണതെന്നു ഞാൻ തിരിച്ചറിയുന്നു.

ചോ: പാഞ്ചോ ഹിമാലയത്തിൽ നിന്നാണല്ലോ വരുന്നത്. ഹിമാലയൻ അനുഭവങ്ങൾ പങ്കുവയ്ക്കാമോ?

ഉ: ഹിമാലയം....ഹിമാലയം എന്നെ സംബന്ധിച്ചിടത്തോളം ധ്യാനാത്മകമായ ഒന്നാണ്. അവിടുത്തെ കാഴ്ച്ചകളേക്കാൾ മാന്ത്രിക പ്രകൃതിയേക്കാൾ എന്നെ ആകർഷിച്ചത് അവിടെ അനേകം യോഗികളുടെ തപസ്സുകൊണ്ട് ഉടലെടുത്ത ധ്യാനാത്മകത തന്നെയാണ്. ഹിമാലയത്തിൽ ലോകത്തെവിടെയും സംഭവിക്കുന്നതുപോലെയുള്ള ഒരു മറുവശംകൂടി സംഭവിക്കുന്നുണ്ട്. മദ്യപരുടേയും മയക്കുമരുന്ന് കഴിക്കുന്നവരുടേയും ആസക്തചലനങ്ങൾ അവിടെ കൂടിക്കൂടി വരുന്നു. അവിടെ കൂടുന്ന യുവാക്കളിൽ പാശ്ചാത്യസ്വാധീനം വർധിച്ചിരിക്കുന്നതായി കാണാം. എന്നാലും ഇപ്പോഴും ഹിമാലയത്തിലെ ധ്യാനാന്തരീക്ഷം അവിടേക്ക് നമ്മളെ ആകർഷിക്കും.

ചോ: പാഞ്ചോക്ക് ഇഷ്ടപ്പെട്ട ഇന്ത്യൻ ഗ്രന്ഥങ്ങൾ?

രാമായണവും മഹാഭാരതവും... പിന്നെ ഉപനിഷത്തുകൾ. മഹാഭാരതത്തിൽ എന്നെ കൃഷ്ണന്റെ ജീവിതം ഏറെ ആകർഷിച്ചു. ഭാഗവതത്തിൽ കൃഷ്ണന്റെ ശൈശവവും യൗവനാവസ്ഥയും ഒക്കെ എത്ര മനോഹരമാണ്. കൃഷ്ണന്റെ ഗുരുഭാവം ഒന്ന് വേറിട്ടതാണ്. അദ്ദേഹത്തിന്റെ പുല്ലാങ്കുഴൽ ഗീതയാണെന്നെനിക്കു തോന്നുന്നു.

ചോ: നിത്യനികേതനത്തിൽ പാഞ്ചോയുടെ ജീവിതം എങ്ങനെ വിലയിരുത്തുന്നു ?

ഇവിടെ സ്വാമി സുധി ചൈതന്യ എന്റെ സംശയങ്ങളെ എത്ര അനായാസമാണ് ഇല്ലായ്മ ചെയ്യുന്നതെന്നോ. അദ്ദേഹത്തിന്റെ അഗാധമായ ജ്ഞാനവിദ്യ പകർന്നുതരുമ്പോൾ എനിക്ക് ബുദ്ധിമുട്ടുണ്ടാകാതെ നോക്കാൻ അദ്ദേഹത്തിനു കഴിയുന്നു. എത്ര ഹൃദയപരതയാണ് ഈ ആശ്രമത്തിലെ ശിഷ്യർക്കുപോലും. അവരും എന്റെ സംശയനിവൃത്തിക്ക് പലപ്പോഴും സഹായിക്കും. അവരെല്ലാം എത്ര ഊഷ്മളമായാണ് പെരുമാറുന്നത്. വിളഞ്ഞു തലകൂപ്പുന്ന നെൽവയലിലേക്ക് നോക്കിയിരിക്കുന്ന നിമിഷങ്ങളും കൂടിയാവുമ്പോൾ ഈ ആശ്രമനിശബ്ദത ഒരു തപോവനാന്തരീക്ഷത്തിലാണെന്നു പറയാം. എനിക്ക് ഇവിടെയിരുന്ന് പാട്ട് പാടുന്നതും, കലിമ്പ (ഒരു ആഫ്രിക്കൻ സംഗീതോപകരണം) മീട്ടുവാനും ധ്യാനിക്കുവാനും കൊതിയാവുന്നു. നന്ദി.



ലേഖകനും പാഞ്ചോയും യോഗ ശിക്ഷണത്തിൽ

ദൃശ്യവേദാന്ത

കെ. ജിഗീഷ്
jigishvkm@gmail.com



# ഋതുഭേദങ്ങളുടെ പകർന്നാട്ടം



ഒർമ്മകളുടെ അമിതഭാരം മൊബൈൽഫോണിനേയും ഭാവനയുടെ അനന്തസാധ്യതകൾ കമ്പ്യൂട്ടറിനേയും അന്വേഷണങ്ങളെല്ലാം ഇന്റർനെറ്റിലെ ഗൂഗിൾ എന്ന യന്ത്രസാമഗ്രിയേയും ഏല്പിച്ച് സ്വസ്ഥനാകാൻ വൃഥാ ശ്രമിക്കുന്ന മനുഷ്യനെ, തെക്കൻ കൊറിയയിൽനിന്നുള്ള കിം കി ഡുക്കെന്ന സെൻമാസ്റ്റർ തന്റെ സിനിമയിലൂടെ തിരുത്തുന്നു. പ്രാപഞ്ചിക ജീവിതത്തിന്റെ അത്യപൂർവ്വമായ സൗന്ദര്യത്തേയും അലംഘനീയമായ തുടർച്ചയേയും അമാനുഷികമായ കരവിരുതോടെ, എന്നാൽ ഒരു കർമ്മയോഗിയുടെ നിസംഗതയോടെ അദ്ദേഹം നമുക്ക് കാട്ടിത്തരുന്നു. 2003 ൽ പുറത്തിറങ്ങിയ കിംമിന്റെ "സ്പ്രിങ് സമ്മർ ഫാൾ വിന്റർ ആൻഡ് സ്പ്രിങ്" എന്ന ചിത്രം മനുഷ്യൻ പ്രകൃതിയിലും പ്രകൃതിയുടെ സഹജപ്രേരണകൾ മനുഷ്യനിലും നടത്തുന്ന ഇടപെടലുകൾ, ഒരു സ്ഫടിക ദർപ്പണത്തിലെന്നപോലെ പ്രതിഫലിപ്പിച്ചു കാട്ടി പ്രേക്ഷകനെ ഒരു ഉയർന്ന ജീവിതാവബോധത്താൽ, വിശാലമായ മാനവികദർശനത്താൽ വിമലീകരിക്കുന്നു.

ഹരിതസമൃദ്ധമായൊരു വിസ്തൃത വനമേഖലയാൽ ചുറ്റപ്പെട്ട് ജീവിതത്തിന്റെ ഗഹനപ്രതീകമെന്നപോലെ സ്വച്ഛസുന്ദരമായി ഒഴുകുന്ന പുഴയും പുഴനടുവിലെ വൃദ്ധതാപസന്റെ പർണ്ണാശ്രമവുമാണ് ചലച്ചിത്രകാരന്റെ പശ്ചാത്തലം. ആശ്രമപരിസരത്തെ ജീവജാലങ്ങളോടൊപ്പം കളിച്ചുവളർന്ന് ബാലപാഠങ്ങൾ പഠിച്ചുതുടങ്ങുന്ന കുരുന്നുശിഷ്യനും ഗുരുവിനൊപ്പമുണ്ട്. കൗതുകക്കാഴ്ചകൾ തേടി കാടുകയറുന്ന ബാലനു മുന്നിൽ ജലമത്സ്യവും തവളയും പാമ്പുമൊക്കെ അദ്ദേഹം പറയുന്നു. ഏറെ വിഷമിച്ച് ശിഷ്യൻ അവയെ വീണ്ടും കണ്ടെത്തുമ്പോഴേക്കും പാവം പാമ്പും മത്സ്യവും ചത്തുകഴിഞ്ഞിരുന്നു. ആദ്യപാഠം നൽകിയ തിരിച്ചറിവിൽ കരൾ പിളർന്ന അവൻ കരയുമ്പോൾ ലളിതസുന്ദരമായ ജീവിതസമസ്യയുടെ പൊരുൾ ഒരു മിന്നൽപ്പിണരായി പ്രേക്ഷകനേയും സ്പർശിക്കുന്നു.

സിനിമയുടെ രണ്ടാം ഖണ്ഡത്തിൽ വസന്തം മാറി വേനലെത്തുന്നു. ബാലശിഷ്യൻ ഇപ്പോൾ കൗമാരകൗ



കളിപ്പാട്ടങ്ങളാകുന്നു. ചരടിനാൽ വരിഞ്ഞ്, കല്ലുകെട്ടി അവൻ ആ സുന്ദരജീവിതങ്ങളെ ബന്ധനസ്ഥരാക്കുന്നു. പിൻഗാമിയെ സൂക്ഷ്മനിരീക്ഷണം നടത്തുന്ന മാസ്റ്റർ ശിക്ഷയായി മുതുകത്ത് ഭീമൻ കല്ലുകെട്ടി മിണ്ടാപ്രാണികളെ സ്വതന്ത്രരാക്കുവാൻ ഉപദേശിച്ച് അവനെ തിരിച്ചയക്കുന്നു. നിന്റെ പ്രവൃത്തിയാൽ ആ ജീവിതങ്ങൾ പൊലിഞ്ഞുവെങ്കിൽ ആ ഭാരം മരണം വരെ നീ ഹൃദയത്തിൽ ചുമക്കും - തൂഹലങ്ങളിലേക്കു വളർന്നിട്ടുണ്ട്. ഇണ ചേരുന്ന പാമ്പുകളും ജലക്രീഡയിലേർപ്പെട്ട അരയന്നങ്ങളും അവനിൽ രതിചിന്ത നിറയ്ക്കുന്നു. പ്രകൃതിയിൽനിന്നുള്ള ഒരു സ്വാഭാവികസംക്രമണം. പ്രണയപരവശനായ അവൻ ആശ്രമത്തിൽ മനോചികിത്സയ്ക്കെത്തിയ യുവതിയുമായി ലൈംഗികബന്ധത്തിൽ ഏർപ്പെടുന്നു. ഒടുവിൽ ആശ്രമം വിട്ട് അവളുടെ പിന്നാലെ പായുന്നു. കാലപ്രവാഹത്തിൽ ഒരു കൊലപാത

കിയായി വീണ്ടും ആശ്രമത്തിൽ തിരിച്ചെത്തുന്നു. അപ്പോഴേക്കും തന്റെ കർമ്മകാണ്ഡം പൂർത്തിയാക്കി സ്വയം തീർത്ത ചിതയിൽ മാസ്റ്റർ എരിഞ്ഞുതീർന്നിരുന്നു. സമയപ്രവാഹത്തിൽ മഹാവിസ്മയമായ ജീവന്റെ ഗതിയോർത്ത് പ്രേക്ഷകന്റെ ശ്വാസം നിലച്ചുപോകുന്ന മറ്റൊരു നിമിഷം.

ശൈത്യത്തിന്റെ ഉച്ചസ്ഥായിയിൽ പുഴ ഒരു മഞ്ഞുപാളിയായി മാറിയ കാലത്ത് മുഖം മറച്ചൊരു മാതാവ് നിറകണ്ണുകളോടെ തന്റെ പിഞ്ചുകുഞ്ഞിനെ ആശ്രമത്തിൽ ഉപേക്ഷിച്ച് നദീഹൃദയത്തിൽ മറയുന്നു. മാനസാന്തരത്താൽ സന്ന്യാസം ജീവിതചര്യയാക്കിയ യുവാവിനൊപ്പം അനാഥബാലൻ ആശ്രമത്തിൽ പിച്ചവച്ചു തുടങ്ങുന്നു. ഒരു ചക്രം പൂർത്തിയാകുന്നു. കർമ്മബന്ധങ്ങളുടെ ഭാരവും പേറി വിരക്തനായ ആ പുണ്യാത്മാവ് മലകയറുമ്പോൾ കുരുന്നുബാലൻ ഒരിക്കൽക്കൂടി തന്റെ കളിക്കൂട്ടുകാരെ തേടുന്നു.

ഫിലിം മേക്കർ എന്ന നിലക്കുള്ള കിം കി ഡുക്കിന്റെ ജീവചരിത്രത്തിലെ വേറിട്ട അധ്യായമാണ് ഈ ചിത്രം. മനുഷ്യപ്രകൃതിയിലെ ഋതുഭേദങ്ങളെ അതിസൂക്ഷ്മമായി അടയാളപ്പെടുത്തുന്ന ഈ ചിത്രം അക്രമവാസനയിലും ലൈംഗികാസക്തിയിലും മൂന്നിയ മുൻകാലപ്രമേയങ്ങളെ കൈവിട്ട് സംവിധായകൻ ഈ അപൂർവ്വസൃഷ്ടിയിലൂടെ മാനവികതയുടെ ഉന്നതമൂല്യങ്ങളിലേക്ക് വളർന്നിരിക്കുന്നു. കാടും ജലപ്പരപ്പും വിവിധ ജീവരൂപങ്ങളായ മത്സ്യം, അരയന്നം, ആമ കോഴി, പൂച്ച, തവള, പാമ്പ് എന്നിവയോടൊപ്പം മനുഷ്യനും മാറിമാറി പകർന്നാടുന്ന ചിത്രത്തിലെ ഓരോ ഫ്രെയിമും പ്രാപഞ്ചികജീവിതത്തെ അതിസമർത്ഥമായി, എന്നാൽ തികച്ചും ലളിതമായി പ്രതീകവൽക്കരിക്കുന്നു. സമസ്യകളെ പൂരിപ്പിക്കുന്നു. സിനിമയുടെ എല്ലാവിധ സാങ്കേതികത്വത്തിനുമപ്പുറം ഏതൊരു ഉന്നത കലാസൃഷ്ടിയേയുംപോലെ ഈ ചിത്രവും സമഗ്രജീവിതത്തെ സംബന്ധിച്ച ഒരു വെളിപാടായി മാറുന്നു.

ബാല്യത്തിൽ തുടങ്ങി വാർധക്യം വരെയുള്ള ഘട്ടങ്ങളിൽ കഥാനായകൻ കടന്നുപോകുന്ന വൈവിധ്യമാർന്ന അനുഭവങ്ങൾ ഓരോ പ്രേക്ഷ



കനും സ്വന്തം ജീവിതത്തിനു നേരെ പിടിച്ച കണ്ണാടിയായി മാറുന്നു എന്നതാണ്, ഒരു സെൻകഥയുടെ സരളമാധുര്യം പേറുന്ന ഈ ചിത്രത്തിന്റെ ദാർശനിക സൗന്ദര്യം. ചിത്രാന്ത്യത്തിൽ ബുദ്ധപ്രതിമയുമായി മല കയറുന്ന വിരക്തന്റെ സീക്വൻസ് മനുഷ്യാവസ്ഥയെ അതിന്റെ എല്ലാ സംഘർഷങ്ങളോടും പരീക്ഷണങ്ങളോടും കൂടി ബിംബവൽക്കരിക്കുന്നു. ഏതൊരു പ്രൊഫഷണലിനേയും അതിശയിക്കുന്ന സംവിധാനമികവാണ് ഈ രംഗത്തിൽ കിം കി ഡുക്ക് പ്രടകിപ്പിക്കുന്നത്. സിനിമാറ്റോഗ്രഫി എന്ന കലയുടേയും സംഗീതത്തിന്റെയും മാത്രമല്ല, ദൃശ്യഭാഷയുടെതന്നെ പുത്തൻ വ്യാഖ്യാനങ്ങളാണ് ചിത്രത്തിലെ ഫ്രെയിമുകൾ. സംവിധായകന്റെ വേറിട്ട വീക്ഷണകോണിലൂടെ ജീവിതത്തെ കാണുവാൻ അവ പ്രേക്ഷകനെ ഹൃദയപൂർവ്വം ക്ഷണിക്കുന്നു. അങ്ങനെ നോക്കുമ്പോൾ ചലച്ചിത്രം എന്നാൽ വെറും കഥ പറച്ചിലോ സാങ്കേതികതയിലൂന്നിയ ദൃശ്യവിസ്മയങ്ങളോ ഒന്നുമല്ല, കലാകാരന്റെ ജീവിതദർശനം തന്നെയാണെന്ന നവീനമായ ആശയത്തിന് ഉത്തമ ദൃഷ്ടാന്തം കൂടിയാണ് സിനിമയുടെ ഈ വസന്തം.


# ഗുരുരാഗം

വേദാന്ത മാസിക

**വായിക്കുക വരിക്കാരാവുക**

പേര്......................................................................................................

വിലാസം...................................................................................................

പോസ്റ്റ്............................................................പിൻ കോഡ്..........................

സ്ഥലപ്പേര്/റോഡ്.............................................ജില്ല...................................

ഫോൺ...........................................മൊബൈൽ............................................

1 വർഷം 120രൂപ
2 വർഷം 240 രൂപ
3 വർഷം 360 രൂപ
ആജീവനാന്തം 1500 രൂപ

മാസിക വേണ്ടവർ M.O അയയ്ക്കുക

മാനേജർ, നിത്യനികേതനം, ചെത്തിക്കോട് പി.ഒ

കാഞ്ഞിരമറ്റം, എറണാകുളം-682315, ഫോൺ-0484-2749819

## വേദാന്തവൃത്താന്തം

# വൺ–വേൾഡ് സ്കൂൾ ഓഫ് വേദാന്തയുടെ ഉദ്ഘാടനം

പാശ്ചാത്യതത്ത്വചിന്ത, മനഃശാസ്ത്രം, ആധുനികശാസ്ത്രം, സൂഫിസം, സെൻ ബുദ്ധിസം, താവോയിസം, മിസ്റ്റിസിസം, ശ്രീനാരായണഗുരുദർശനം എന്നിവയെ ആനുഭൂതികമായി സമന്വയിപ്പിക്കുന്നുതിനും കൂടുതൽ വിപുലവും വ്യാപകവുമായ രീതിയിൽ വേദാന്തത്തെ സംക്രമിപ്പിക്കുന്നതിനും വേണ്ടി വൺ-വേൾഡ് സ്കൂൾ ഓഫ് വേദാന്ത എന്ന സ്ഥാപനത്തിന് കാഞ്ഞിരമറ്റം നിത്യനികേതനം ആശ്രമത്തിൽ തുടക്കം കുറിച്ചു. ഉദ്ഘാടനകർമ്മം ചിൻമയ ഇന്റർ നാഷണൽ ഫൗണ്ടേഷനിലെ സ്വാമി അദ്ധ്യയാനന്ദ നിർവ്വഹിച്ചു.



ചടങ്ങിൽ സ്വാമി ബോധിതീർത്ഥ (നാരായണ ഗുരുകുലം വർക്കല), സ്വാമി അദ്ധ്യയാനന്ദ (ചിന്മയ ഇന്റെർനാഷണൽ ഫൗണ്ടേഷൻ വെളിയനാട്), ഫാ. സെബാസ്റ്റ്യൻ പൈനാടത്ത് (സമീക്ഷ-കാലടി), സ്വാമി അസ്പർശാനന്ദ (വിശ്വഗാജിമഠം ചേർത്തല), സ്വാമി ശിവസ്വരൂപാനന്ദ (അദ്വൈതാശ്രമം, ആലുവ) സ്വാമിനി അമൃതമാതാ (ശ്രീനാരായണ സേവികാശ്രമം പറവൂർ), ശ്രീ. കെ. എൻ ബാലാജി, അഡ്വ. സുഗുണപാലൻ, യോഗാചാര്യ ശ്രീ. ദിലീപ്ജി എന്നിവർ പങ്കെടുത്തു സംസാരിച്ചു.

www.schoolofvedanta.org എന്ന വെബ്സൈറ്റിന്റെ ഉദ്ഘാടനം സ്വാമി ബോധിതീർത്ഥ നിർവ്വഹിച്ചു. സ്കൂൾ ഓഫ് വേദാന്തയുടെ മുഖപത്രമായ **ഗുരുരാഗം** മാസികയുടെ പ്രകാശനകർമ്മം സ്വാമി അസ്പർശാനന്ദ ഫാ. സെബാസ്റ്റ്യൻ പൈനാടത്തിന് ആദ്യപ്രതി നല്കികൊണ്ട് നിർവ്വഹിച്ചു.

11.5.2008 മുതൽ 14.5.2008 വരെ നീണ്ടുനിന്ന പരിപാടികളിൽ പന്ത്രണ്ടാം തീയതി രാവിലെ "ഭഗവദ് ഗീതയും ആത്മോപദേശശതകവും ഒരു സാമ്യസംഗീതം" എന്ന വിഷയത്തെ ആസ്പദമാക്കി സ്വാമി സുധി പ്രഭാഷണം നടത്തി. പതിമൂന്നാം തീയതി ചൊവ്വാഴ്ച "പ്രകൃതിയും മനുഷ്യനും" എന്ന വിഷയത്തെ ആസ്പദമാക്കികൊണ്ട് കെ.വി.ദയാൽ (വേമ്പനാട് പ്രകൃതി ക്ലബ്,മുഹമ്മ)

സംസാരിച്ചു. അതിനുശേഷം സ്വാമി സുധി "അഷ്ടാവക്രനും ലാവോത്സുവും" എന്ന വിഷയത്തെ അധികരിച്ചുകൊണ്ട് പ്രഭാഷണം നടത്തി.

14.5.2007 ബുധനാഴ്ച ഗുരു നിത്യചൈതന്യയതി അനുസ്മരണസംഗമം വൈറ്റില ശ്രീരാമകൃഷ്ണാശ്രമം മഠാധിപതി സ്വാമി ആത്മസ്വരൂപാനന്ദ നിർവ്വഹിച്ചു. ഗുരു നിത്യ ചൈതന്യയതിയുടെ സമാധിദിനമായ അന്ന് ഗുരുവിനെ സ്മരിച്ചുകൊണ്ടുള്ള അനുസ്മരണപ്രഭാഷണങ്ങളും ഉണ്ടായിരുന്നു. ചടങ്ങിൽ ശ്രീ. പ്രകാശൻ പുതിയകാവ്, ശ്രീ. കെ.കെ സദാശിവൻ തുടങ്ങിയവർ പങ്കെടുത്തു.

## ഗുരു ജയന്തിയും ഗുരുസമാധിയും

സെപ്റ്റംബർ 14-ാം തീയതി ചിലിയിൽ നിന്നും ജ്ഞാനസാധകനായി ആശ്രമത്തിൽ എത്തിയ പാഞ്ചോ ഉഗാർത്തേയുടെ സംസ്കൃതത്തിലുള്ള ഭജനയോടു കൂടിയായിരുന്നു ഗുരുവിന്റെ ജയന്തി ദിനത്തിന് തുടക്കം കുറിച്ചത്. തുടർന്ന് സ്വാമി സുധിയുടെ **ഗുഹാഷ്ടകം** പ്രഭാഷണമുണ്ടായിരുന്നു. കുമാരി നിമ്യ സലിമിന്റെ കീർത്തനാലാപനവും ജയന്തി ആഘോഷത്തിന് മിഴിവേറ്റി.

ഗുരുവിന്റെ മഹാസമാധി ദിനത്തിന് രാവിലെ 9 മണിക്ക് സ്വാമി സുധിയുടെ പ്രഭാഷണം ചോറ്റാനിക്കരയ്ക്കടുത്തുള്ള കടുംഗമംഗലത്ത് ഉണ്ടായിരുന്നു. അതിനുശേഷം നിത്യനികേതനത്തിൽ വച്ചു കൂടിയ സത്സംഗത്തിൽ ദൈവദശകത്തെ ആധാരമാക്കിയുള്ള ധ്യാനാത്മക പ്രഭാഷണം സ്വാമി സുധി നടത്തി. ഉച്ച തിരിഞ്ഞ് പൂത്തോട്ടയിൽ വച്ചു നടന്ന സമാധി സംഗമത്തിലും സ്വാമി പ്രഭാഷണം നടത്തി.

## സത്സംഗവും പ്രഭാഷണവും

എല്ലാ മാസവും രണ്ടാമത്തെ ഞായറാഴ്ച്ച വൈകിട്ട് 5-30ന് പൂത്തോട്ടയിലുള്ള ഡോ. എണ്ണക്കാത്തറ പ്രഭാകരന്റെ വസതിയിൽ വച്ചു സ്വാമി സുധിയുടെ ആത്മോപദേശശതകം  സത്സംഗസാധന ഉണ്ടായിരിക്കും. സ്വാമിജിയുടെ പ്രഭാഷണം ശ്രവിക്കുവാനും സത്സംഗത്തിൽ പങ്കുകൊള്ളുവാനും ആഗ്രഹിക്കുന്നവർ താഴെ കാണുന്ന നമ്പർ വിളിച്ചു ബന്ധപ്പെടുക. 9446803795

എല്ലാ ഞായറാഴ്ചകളിലും രാവിലെ 10 മണിക്ക് കാഞ്ഞിരമറ്റം നിത്യനികേതനം ആശ്രമത്തിൽ വച്ച് സ്വാമി സുധിയുടെ ഭഗവദ് ഗീത പ്രഭാഷണവും സത്സംഗവും ഉണ്ടായിരിക്കും. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നേരത്തെ വിളിച്ച് അറിക്കേണ്ടതാണ്.  കാഞ്ഞിരമറ്റം മില്ലുങ്കൽ സ്റ്റോപ്പിലിറങ്ങി റെയിൽവേ സ്റ്റേഷനടുത്തുള്ള നിത്യനികേതനം ആശ്രമത്തിലേക്ക് ഓട്ടോറിക്ഷ മുഖേനയോ നടന്നോ വരാവുന്നതാണ്. ഏകദേശം രണ്ടു കിലോമീറ്റർ കാണും.